Tony Pearce

# നാളുകൾക്ക് മുമ്പ് വെളിച്ചം

ഈ കാല സംഭവങ്ങളെ ബൈബിൾ പ്രവചനങ്ങളുമായി താരതമ്യം ചെയ്യുന്ന ഒരു പ്രസിദ്ധീകരണം

ഒക്ടോബർ 2023

# യിസ്രായേൽ കാര്യങ്ങൾ

## പശ്ചിമേഷ്യയിൽ യുദ്ധവും സമാധാനവും



യിസ്രായേലിൽ എന്തു സംഭവിച്ചാലും, പ്രത്യേകിച്ച് ബൈബിൾ പ്രവചനങ്ങളുടെ വെളിച്ചത്തിൽ, ലോകവേദിയിൽ അതിനു വലിയ പ്രാധാന്യമുണ്ട്.

• ദൈവത്തിന്റെ നാമം പേറുന്ന ലോകത്തിലെ ഒരേയൊരു രാജ്യം യിസ്രായേലാണ് - യിസ്രാ- ഏൽ = ദൈവത്തിന്റെ പ്രഭു. ഉല്പത്തി 32:28.

• ദൈവം അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യാക്കോബിന്റെയും സന്തതികളുമായി (യെഹൂദ ജനത / യിസ്രായേൽ) ഒരു 'നിത്യനിയമം' ചെയ്തിരിക്കുന്നു. ഉല്പ. 15, 17:7-8.

• അവർ ജാതികളുടെ ഇടയിൽ ചിതറിപ്പോകുമെന്ന മുന്നറിയിപ്പും ദൈവം അബ്രഹാമിന് നൽകിയ ദേശത്തേക്ക് അവർ തിരികെ വരുമെന്നുമുള്ള വാഗ്ദത്തവും ഉൾപ്പെടെ യിസ്രായേലിന്റെ ചരിത്രം ബൈബിളിൽ നിരവധി ഭാഗങ്ങളിൽ പ്രവചിക്കപ്പെട്ടിട്ടുണ്ട്. (ആവ. 28-30, യെഹെ. 36-37.

## ഉള്ളടക്കം

യിസ്രായേൽ കാര്യങ്ങൾ..... 1

ജനതതികളെ മുദ്രയിടുന്നു.....10

അറുപതുകളിൽ നിന്ന്.....19

കാലത്തിന്റെ അടയാളങ്ങൾ.....27

• മശിഹായുടെ വരവും (യെഹൂദ വിശ്വാസം) അല്ലെങ്കിൽ മശിഹായുടെ മടങ്ങിവരവും (ക്രൈസ്തവ വിശ്വാസം) ബൈബിളിൽ യിസ്രായേലിന്റെ പുനഃസ്ഥാപനവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൂമിയിൽ സംഭവിക്കാൻ പോകുന്ന അസാധാരണമായ കുഴപ്പങ്ങളുടെ ഒരു സമയത്തിനു ശേഷം യെരൂശലേമിനെ കേന്ദ്രീകരിച്ച് യിസ്രായേൽ ദേശത്തിലെ സംഘർഷത്തോടനുബന്ധിച്ച് ഈ സംഭവം നടക്കും (യിരെ. 30-31, യെഹെ. 38-39, സെഖ. 12-14.

ഈ യുഗത്തിന്റെ അന്ത്യത്തിൽ യെഹൂദർ യിസ്രായേലിലേക്ക് മടങ്ങിവരുമെന്ന് ഒരുകൂട്ടം വേദഭാഗങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഉദാഹരണമായി യെഹെ. 36:24-28:

***'ഞാൻ നിങ്ങളെ ജാതികളുടെ ഇടയിൽ നിന്നു കൂട്ടി സകലദേശങ്ങളിൽ നിന്നും നിങ്ങളെ ശേഖരിച്ചു സ്വന്ത ദേശത്തേക്കു വരുത്തും. ഞാൻ നിങ്ങളുടെമേൽ നിർമ്മല ജലം തളിക്കും; നിങ്ങൾ നിർമ്മലരായിത്തീരും, ഞാൻ നിങ്ങളുടെ സകല മലിനതയെയും സകല വിഗ്രഹങ്ങളേയും നീക്കി നിങ്ങളെ നിർമ്മലീകരിക്കും. ഞാൻ നിങ്ങൾക്കു പുതിയോരു ഹൃദയംതരും; പുതിയോരു ആത്മാവിനെ ഞാൻ നിങ്ങളുടെ ഉള്ളിൽ ആക്കും; കല്ലായുള്ള ഹൃദയം ഞാൻ നിങ്ങളുടെ ജഡത്തിൽ നിന്നു നീക്കി മാംസമായുള്ള ഹൃദയം നിങ്ങൾക്കു തരും. ഞാൻ എന്റെ ആത്മാവിനെ നിങ്ങളുടെ ഉള്ളിൽ ആക്കി നിങ്ങളെ എന്റെ ചട്ടങ്ങളിൽ നടക്കുമാറാക്കും; നിങ്ങൾ എന്റെ വിധികളെ പ്രമാണിച്ചു അനുഷ്ഠിക്കും. ഞാൻ നിങ്ങളുടെ പിതാക്കന്മാർക്കു കൊടുത്ത ദേശത്തു നിങ്ങൾ പാർക്കും; നിങ്ങൾ എനിക്കു ജനമായും ഞാൻ നിങ്ങൾക്കു ദൈവമായും ഇരിക്കും'.***

യിസ്രായേലിലേക്കുള്ള യെഹൂദ ജനതയുടെ ഭൗതികമായ മടങ്ങിവരവിനെപ്പറ്റിയും കർത്താവിലേക്കുള്ള ആത്മീയ മടങ്ങിവരവിനെപ്പറ്റിയും തിരുവചനം സംസാരിക്കുന്നു. ദേശത്തിന്റെ ഭൗതികമായ നവീകരണം ആരംഭിച്ചു കഴിഞ്ഞു. ജനത്തെ ദേശത്തിൽ സുരക്ഷിത വാസത്തിലേക്ക് നയിക്കുന്ന ആത്മീയ നവീകരണം ഇനിയും സംഭവിക്കാനിരിക്കുന്നതേയുള്ളൂ.

പുതിയ നിയമത്തിൽ, യെഹൂദ ജനത ചിതറിപ്പോകുന്നതിനെപ്പറ്റി യേശു പ്രവചിക്കുന്നു. മാത്രമല്ല, 'ജാതികൾ യെരൂശലേം ഇനിമേൽ ചവിട്ടിക്കളയില്ലെന്നും (ജാതികളുടെ ഭരണം) 'അത്തി വൃക്ഷം വീണ്ടും തളിർക്കുമെന്നും' (യിസ്രായേലിന്റെ ദേശീയ ജീവിതത്തെ പ്രതിനിധാനം ചെയ്യുന്നു) യേശു സൂചിപ്പിച്ചിട്ടുണ്ട്. ഇത് തന്റെ മടങ്ങിവരവിന്റെ പ്രധാന അടയാളമായിരിക്കും ലൂക്കോ. 21:20-33.

എന്നാൽ ഇതൊന്നും യിസ്രായേലിന്റെ എതിരാളികളായ ഭീകര സംഘടനകൾ വകവച്ചുകൊടുക്കുന്നില്ല. തങ്ങളുടെ മതപരമായ പഠിപ്പിക്കലുകളിൽ നിന്നും ഉരുത്തിരിയുന്ന ചിന്താഗതി പ്രകാരം യിസ്രായേലിന്റെ നാശത്തിനായി അവർ അശ്രാന്ത പരിശ്രമം നടത്തുന്നു. മുഴു പശ്ചിമേഷ്യയും അവർക്ക് അവകാശപ്പെടുന്നുവെന്നാണ് അവരുടെ വാദഗതി. ജൂതരും ക്രിസ്ത്യാനികളും അവരുടെ ദാസ്യത്തിൽ കഴിഞ്ഞുകൊള്ളണമെന്ന് അവർ ചിന്തിക്കുന്നു.

## അനുഗ്രഹവും ശാപവും

യിസ്രായേൽ എന്ന ചെറു രാജ്യത്തിന് സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങൾ വേദപുസ്തക പ്രവചനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന വസ്തുത പ്രാധാന്യം അർഹിക്കുന്നു. ഒക്ടോബർ 7 - ാം തീയതി ഹമാസ് കിരാതമായ ഒരു ആക്രമണം അഴിച്ചുവിട്ടതിന് ലോക ജനത സാക്ഷിയായി കഴിഞ്ഞ സെപ്റ്റംബർ 22-ാം തീയതി.

യിസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നേതന്യാഹു ഐക്യരാഷ്ട്ര സഭയിൽ പശ്ചിമേഷ്യയിലെ സമാധാന സാധ്യതകളെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഇതിനെ തുടർന്ന് ന്യൂഡൽഹിയിൽ ചേർന്ന ജി 20 ലോക നേതാക്കളുടെ സമ്മേളനത്തിൽ സൗദി അറേബ്യയും യിസ്രായേലുമായുള്ള ബന്ധം സാധാരണ നിലയിൽ കൊണ്ടുവരുന്നതിന് ഒരു കരാർ ഉണ്ടാക്കുന്നതിനെക്കുറിച്ച് പ്രഖ്യാപിക്കുകയുണ്ടായി. സൗദി അറേബ്യയിലും യിസ്രായേലിലും കൂടി ഇന്ത്യയേയും പശ്ചിമേഷ്യയെയും യൂറോപ്പുമായി ബന്ധിപ്പിക്കുന്ന ഒരു ഇടനാഴി സംവിധാനം ചെയ്യുന്നതും അതിൽ ഉൾപ്പെടും.

ഇതിനെക്കുറിച്ച് സംസാരിച്ചുകൊണ്ട് യിസ്രായേൽ പ്രധാനമന്ത്രി ബെന്യാമിൻ നേതന്യാഹു പറഞ്ഞു, "തൽഫലമായി പശ്ചിമേഷ്യയുടെയും, യിസ്രായേലിന്റെയും മുഖച്ഛായ മാറുവാൻ തക്കവണ്ണമുള്ള ഒരു ബഹുവർഷ കാഴ്ചപ്പാട് യാഥാർത്ഥ്യമായിത്തീരും. മുഴു ലോകത്തെയും അത് ബാധിക്കുകയും ചെയ്യും. ഈ കാഴ്ചപ്പാട് നമ്മുടെ പ്രദേശത്തിന്റെ ഭാവി പുനർ നിർമ്മിക്കുകയും, നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാക്കുകയും ചെയ്യും. സാമ്പത്തിക ഇടനാഴിയിൽ യിസ്രായേൽ ഒരു മുഖ്യ സന്ധിസ്ഥാനം ആയിത്തീരും. യിസ്രായേൽ തുറമുഖങ്ങളും തീവണ്ടി ശൃംഖലയും ഈ പുതു വാതിൽപ്പടിയുടെ ഭാഗമായിത്തീരും. അത് ഇന്ത്യയിൽ നിന്ന് പശ്ചിമേഷ്യയിലേക്കും യൂറോപ്പിലേക്കും തിരിച്ചും കടന്നെത്തും."

പിന്നീട് അദ്ദേഹം പശ്ചിമേഷ്യയ്ക്ക് രണ്ടു സാദ്ധ്യതകൾ ചൂണ്ടിക്കാട്ടി. യിസ്രായേലിനോടു മോശെ പറഞ്ഞ അന്ത്യവചനങ്ങളെ അടിസ്ഥാനമാക്കി അദ്ദേഹം പറഞ്ഞു. "അനുഗ്രഹവും ശാപവും" (ആവ. 11). അനുഗ്രഹത്തെക്കുറിച്ച് അദ്ദേഹം സമാധാനത്തിന്റെ ഒരു ദർശനം വെളിപ്പെടുത്തി. അതിനാൽ,



• യിസ്രായേലും സൗദിഅറേബ്യയും ചരിത്രപരമായി സമാധാനത്തിന്റെയും പരിവർത്തനത്തിന്റെയും ഒരു ഉടമ്പടിയിൽ ഏർപ്പെട്ട് അനേകം അറബി മുസ്ലീം രാഷ്ട്രങ്ങൾ അതിൽ പങ്കാളികളാകുക.

• ഇറാനും പാലസ്തീനികളും ഭീകരതയ്ക്കും അണുവായുധ യുദ്ധത്തിനും പകരം സമാധാനം തെരഞ്ഞെടുക്കുക.

### ശാപം നേരെ തിരിച്ചായിരിക്കും

• ഇറാനും പാലസ്തീനികളും സമാധാനത്തിനു പകരം യുദ്ധം തെരെഞ്ഞെടുക്കുക.

• ഇറാൻ ഭരണകൂടം അണുവായുധം കൈവശമാക്കുന്നതിനെ തടസ്സം ചെയ്യുവാൻ ലോകരാഷ്ട്രങ്ങൾ യാതൊന്നും ചെയ്യാതിരിക്കുക, അതിനെ തുടർന്ന് പശ്ചിമേഷ്യയിൽ ഭീകരമായ യുദ്ധം സംജാതമാകുക.

### യുദ്ധത്തിന്റെ ശാപം

സമാധാന സാദ്ധ്യത എന്ന "അനുഗ്രഹം" നഷ്ടപ്പെടുകയും, യിസ്രായേലിനും ആ മേഖലയിൽ മുഴുവനും ശാപം വിളിച്ചു വരുത്തുകയും ചെയ്യും. ഒക്ടോകർ 7-ാം തീയതി ഹമാസ് ഇറാന്റെ പിൻബലത്തിൽ യിസ്രായേലിന്മേൽ ആകസ്മികമായ ഒരു ആക്രമണം അഴിച്ചുവിട്ടു. ആയിരക്കണക്കിന് റോക്കറ്റുകളാണ് യിസ്രായേലിലേക്ക് തൊടുത്തുവിടുകയും, സുരക്ഷാ വേലി ഭേദിച്ചുകൊണ്ട് 1200 യിസ്രായേലികളെ കൊലചെയ്യുകയും ചെയ്ത്. ഏക

ദേശം 100 യിസ്രായേലികളെ ജാമ്യത്തടവുകാരായി ഗാസയിലേക്ക് പിടിച്ചുകൊണ്ടുപോയി.

ഹമാസിനെ സൈനികമായി ഉന്മൂലനം ചെയ്യുമെന്ന് യിസ്രായേൽ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ശക്തമായ ഒരു യുദ്ധം പൊട്ടിപുറപ്പെട്ടിരിക്കുന്നു. ഈ ലേഖനം എഴുതുമ്പോൾ (ഒക്ടോവർ 14) യിസ്രായേൽ വിദ്യുച്ഛക്തിയും വെള്ളവും വിച്ഛേദിച്ചുകൊണ്ട് ഗാസയെ "പൂർണ്ണമായി വളയുവാൻ" ഉത്തരവിട്ടിരിക്കുകയാണ്. ഭക്ഷണവും, ഇന്ധനവും കടത്തിവിടുകയില്ലെന്നും പറയുന്നു. യിസ്രായേൽ 35,000 കരുതൽ ഭടന്മാരെ സജ്ജമാക്കി യുദ്ധോപകരണങ്ങൾ തയ്യാറാക്കി വെയ്ക്കുകയും ചെയ്തിരിക്കുന്നു. മാനുഷികമായി ഒരു അത്യാപത്തിനെ വിളിച്ചുവരുത്തുന്ന ഒരു കാഴ്ചപ്പാടാണിത്. ഗാസയിൽ നിന്നും തകർന്നടിഞ്ഞ കെട്ടിടങ്ങളുടെയും, നാട്ടുകാർക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന നാശനഷ്ടങ്ങളുടെയും ചിത്രങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുന്നു.

പേടി സ്വപ്നത്തിന്റെ മറ്റൊരു രംഗം ലെബാനോന്റെ വടക്കെ അതിർത്തിയിൽ നിന്നും ഹെസ്ബൊല്ലാ തൊടുത്തുവിടുന്ന മിസ്സൈലുകളാണ്. ഇതും യിസ്രായേലിനെതിരെയുള്ള ആക്രമണത്തിന്റെ ഭാഗമാണ്. പശ്ചിമ തീരത്തെ പാലസ്തീൻ മേഖലയിൽ നിന്നുമാണ് ഇതു സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഫലത്തിൽ യിസ്രായേൽ ബഹുമുഖ ആക്രമണത്തെയാണ് ചെറുത്തുനില്ക്കേണ്ടത്. യുദ്ധത്തെ പ്രോത്സാഹിപ്പിക്കുന്നതിൽ ഇറാനും പങ്കുണ്ട്. ഹമാസിനും ഹെസ്ബെല്ലയ്ക്കും അവർ ആയുധശേഖരം നൽകിവരുന്നു. ജൂത രാഷ്ട്രത്തെ നിലംപരിചാക്കുകയാണ് അതിന്റെ ലക്ഷ്യം. അതിനാൽ യിസ്രായേൽ ഹമാസുമായി മാത്രമല്ല യുദ്ധം ചെയ്യുന്നത്.

അമേരിക്ക യിസ്രായേലിനു പിന്തുണ പ്രഖ്യാപിക്കുകയും, വിമാനവാഹിനി കപ്പൽ മദ്ധ്യധരണിക്കടലിൽ സജ്ജമാക്കി നിർത്തുകയും, യുദ്ധത്തിൽ ഉൾപ്പെടരുതെന്ന് ഹെസ്ബൊല്ലായ്ക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു. നടപടികൾ ഒന്നും കൈക്കൊള്ളരുതെന്ന് റഷ്യ അമേരിക്കയെ മുന്നറിയിക്കുകയും പാലസ്തീനികൾക്ക് പിന്തുണ പ്രഖ്യാപിക്കുകയും ചെയ്തു. വടക്കൻ ഭാഗത്ത് ചെറിയ തോതിൽ ഹെസ്ബൊല്ലായുമായി ഏറ്റുമുട്ടൽ നടന്നു. ലോകത്തിന്റെ പല ഭാഗങ്ങളിൽ യിസ്രായേലിനെതിരെ തെരുവു പ്രകടനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. യിസ്രായേലിനും ജൂത ജനതയ്ക്കും എതിരായി വരും നാളുകളിൽ കൂടുതൽ പ്രതിഷേധ ജാഥകൾ നടക്കാനിടയുണ്ട്. ഇത് ലോക ജനതയ്ക്ക് അവരോടുള്ള ശത്രുത്വം വളർത്തുവാനിടയാകും.

## ഇതെല്ലാം ബൈബിളിൽ ഉണ്ടോ?

ഹമാസ് തങ്ങളുടെ മുന്നേറ്റത്തെ "അൽ അഖ്സാ പ്രളയം" എന്നാണു പേരിട്ടിരിക്കുന്നത്. യെരൂശലേമിലെ ദൈവാലയ മലയിലുള്ള അൽ അഖ്സാ പള്ളി അവരുടേതാണെന്ന് അവകാശപ്പെടുന്നു. പ്രധാന തർക്ക വിഷയം ദൈവാലയ മലയുടെയും, അൽ അഖ്സാ മുസ്ലീം പള്ളിയുടെയും, പാറയിലെ താഴികക്കുടത്തിന്റെയും സ്ഥാനം ആർക്ക് അവകാശപ്പെടുന്നു എന്നതാണ്. മെക്കയ്ക്കും മദിനായ്ക്കും ശേഷം മുസ്ലീങ്ങളുടെ അതി പരിശുദ്ധ സ്ഥലമാണത്. ജൂതരും അതേ അവകാശവാദം തന്നെ ഉന്നയിക്കുന്നു. ഒരു കാലത്ത് ജൂതരുടെ ദൈവാലയം നിന്നിരുന്നതും അവിടെത്തന്നെ. ദൈവാലയ മലയിൽ പ്രാർത്ഥിക്കുവാനുള്ള അവകാശം ജൂതർ ഉന്നയിക്കുന്നു. അതേ സ്ഥാനത്ത് ദൈവാലയം വീണ്ടും പണിയണമെന്നാണ് കുറേപ്പേർ ആവശ്യപ്പെടുന്നത്.

തർക്ക വിഷയത്തിന്റെ കേന്ദ്രസ്ഥാനം ദൈവാലയ മലയുടെയും അൽ അഖ്സാ പള്ളിയുടെയും വിഷയം തന്നെ. കിഴക്കൻ യെരുശലേം (ദൈവാലയം നിന്നിരുന്ന പഴയ നഗരം) തലസ്ഥാനം

ആയി അംഗീകരിക്കണമെന്നാണ് പാലസ്തീനികളുടെ ആവശ്യം. യിസ്രായേൽ ആവശ്യപ്പെടുന്നത് യെരൂശലേം വിഭജിക്കപ്പെടാതെ യിസ്രായേലിന്റെ തലസ്ഥാനമായി നില നിൽക്കണമെന്നാണ്.

സെഖര്യാ പ്രവചനം 12:1,2 എന്നീ വാക്യങ്ങളിൽ സൂചിപ്പിച്ചിട്ടുള്ള ഒരു വിവാദ വിഷയമാണത്: "*യിസ്രായേലിനെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാട്: ആകാശം വിരിക്കയും ഭൂമിയുടെ അടിസ്ഥാനം ഇടുകയും മനുഷ്യന്റെ ആത്മാവിനെ അവന്റെ ഉള്ളിൽ നിർമ്മിക്കയും ചെയ്തിരിക്കുന്ന യഹോവയുടെ അരുളപ്പാട്. ഞാൻ യെരൂശലേമിനെ ചുറ്റുമുള്ള സകല ജാതികൾക്കും ഒരു പരിഭ്രമ പാത്രമാക്കും; യെരൂശലേമിന്റെ തിരോധാനത്തിങ്കൽ അത് യെഹൂദായ്ക്കും വരും. അന്നാളിൽ ഞാൻ യെരൂശലേമിനെ സകല ജാതികൾക്കും ഭാരമുള്ള കല്ലാക്കിവയ്ക്കും. അതിനെ ചുമക്കുന്നവരൊക്കെയും കഠിനമായി മുറിവേൽക്കും. ഭൂമിയിലെ സകല ജാതികളും അതിനു വിരോധമായി കൂടിവരും*" (സെഖ. 12:1-3).

യെരൂശലേമിന്റെയും ദൈവാലയ മലയുടെയും ഉടമസ്ഥാവകാശ തർക്കമാണ് ചുറ്റുമുള്ള ജനതതികളെ സംഘർഷത്തിൽ പങ്കാളികളാക്കുന്നത് (യെഹൂദന്മാരും അറബികളും, ഐക്യരാഷ്ട്ര സഭ, അമേരിക്ക, യൂറോപ്യൻ യൂണിയൻ, റഷ്യ, അറബി സഖ്യം).

യിസ്രായേൽ, സൗദി അറേബ്യ പോലെയുള്ള വിശാല മുസ്ലീം ലോകവുമായി സമാധാനത്തിൽ ജീവിച്ചുകാണുവാൻ ഹമാസിന് ഇഷ്ടമില്ല. ഇറാൻ ഹെസ്ബൊല്ലാ, സമാധാന തിരസ്ക്കാരികൾ തുടങ്ങിയവർ യിസ്രായേലുമായി സമാധാന കരാർ ഉണ്ടാക്കുന്നതിനും, രണ്ടു കൂട്ടരും ഒത്തൊരുമയിൽ ജീവിക്കുന്നതിനുള്ള ഇരുരാഷ്ട്ര പരിഹാരത്തിനും എതിരാണ്. പശ്ചിമേഷ്യയിൽ ഒരു ജൂതരാഷ്ട്രംതന്നെ ഉണ്ടാകുവാൻ പാടില്ലാ എന്നാണ് അവരുടെ ആവശ്യം. 'ഇസ്ലാമിക ഭവനത്തിന്റെ' പ്രദേശങ്ങളെല്ലാം അവരുടെ നിയന്ത്രണത്തിൽ ആയിരിക്കണം. ജോർദ്ദാൻ നദി മുതൽ മദ്ധ്യധരണിക്കടൽ വരെ നീളുന്ന ഒരു ഭൂപ്രദേശമാണ് അവരുടെ ലക്ഷ്യം (സങ്കീ. 83). "വരുവിൻ, യിസ്രായേൽ ഒരു ജാതിയായിരിക്കാതവണ്ണം നാം അവരെ മുടിച്ചുകളക. അവരുടെ പേർ ഇനി ആരും ഓർക്കരുത് എന്ന് അവർ പറഞ്ഞു" (സങ്കീ. 83:9-18).

ബൈബിളിൽ യെഹ. 38.39 എന്നീ അദ്ധ്യായങ്ങളിൽ വിവരിച്ചിരിക്കുന്ന ഗോഗ് - മാഗോഗ് യുദ്ധത്തെക്കുറിച്ചും സൂചിപ്പിച്ചിട്ടുണ്ട്. യിസ്രായേൽ തങ്ങളുടെ ചിതറിപ്പോക്കിനുശേഷം (യെഹ. 38:8). തിരികെ ഒന്നിച്ചുകൂടി കഴിഞ്ഞാണ് രാഷ്ട്രങ്ങൾ യിസ്രായേലിനെതിരെ കൂട്ടുകെട്ടുണ്ടാക്കുന്നത്. മാഗോഗ് ദേശത്തെ ഗോഗിന്റെ പ്രഭുവാണ് (രോശ്, മോശെക്ക്, തൂബൽ) ഇതിനു നേതൃത്വം കൊടുക്കുന്നത് എന്നു തിരിച്ചറിയുന്നു. പേർഷ്യയും (ഇറാൻ), തോഗ്ഗർമ്മയും (ടർക്കി) ഉൾപ്പെടെയുള്ള രാജ്യങ്ങളുടെ ഒരു കൂട്ടുകെട്ടാണിത്. പല വ്യാഖ്യാനക്കാരും ഇത് റഷ്യയാണെന്ന് എടുത്തുപറയുന്നു. റഷ്യയ്ക്ക് ഇപ്പോൾ തന്നെ സിറിയയിൽ സൈന്യം ഉണ്ട്. അതുപോലെതന്നെ ഇറാനിലും (പേർഷ്യ). യുക്രൈനിലെ ആവശ്യത്താൽ റഷ്യ ഇപ്പോൾ സിറിയയിലെ പട്ടാളക്കാരുടെ എണ്ണം വെട്ടിക്കുറച്ചിട്ടുണ്ട്. ഇറാനും ശക്തമായ വിധത്തിൽ ലബാനോനിലും സിറിയായിലും സാന്നിദ്ധ്യമുണ്ട്. അവരെല്ലാം യിസ്രായേലിന്റെ ശത്രുക്കളാണ്. തോഗർമ്മാ എന്നാൽ ടർക്കി അത്രേ. അവർക്കും സിറിയയിൽ സാന്നിദ്ധ്യമുണ്ട്. ചില ആളുകൾ വിശ്വസിക്കുന്നത് റഷ്യയല്ല ടർക്കിയാണ് ഗോഗ് മാഗോഗ് ആക്രമണം നയിക്കുന്നത് എന്നാണ്. ടർക്കിക്ക് വിപുലമായ സൈന്യമുണ്ട്. അവർ ഇപ്പോൾ നാറ്റോയുടെ ഭാഗമാണെങ്കിലും പാശ്ചാത്യ സഖ്യത്തിൽ നിന്നും വ്യതിചലിച്ച് റഷ്യയും ഇറാ

നുമായി സഖിത്വം സ്ഥാപിച്ചു വരുന്നു. ഈ ആക്രമണത്തെ ശേബയും, ദേദാനും, തർശീശ്ശ് വർത്തകന്മാരും എതിർക്കുന്നു (28:13). ബൈബിളിലെ ശേബായും ദേദാനും, അറേബ്യൻ ഉപദ്വീപും ഗൾഫ് രാജ്യങ്ങളും ഉൾപ്പെട്ടതാണ്. അവർ ഇപ്പോൾ യിസ്രായേലുമായി യോജിപ്പിൽ എത്തിയിട്ടുണ്ട്. അതിൽ സൗദി അറേബ്യയും ഉൾപ്പെടാം. തർശീശ്ശ് യിസ്രായേലിനു പടിഞ്ഞാറ് അകലെയുള്ള ഒരു പ്രദേശമാണ്. ബൈബിളിലെ തർശീശ്ശ് മിക്കവാറും ആധുനിക സ്പെയിൻ ആയിരിക്കുവാനാണു കൂടുതൽ സാദ്ധ്യത. എങ്കിലും ചിലരുടെ അഭിപ്രായത്തിൽ അത് അമേരിക്കയും, ബ്രിട്ടണും ഉൾപ്പെട്ട ഒരു പാശ്ചാത്യ സഖ്യം ആയിരിക്കും എന്നത്രേ. ഈ ശക്തികൾ ഗോഗിന്റെ ചെയ്തികളെ പ്രതിഷേധിക്കുന്നുവെങ്കിലും ഫലകരമായി യാതൊന്നും ചെയ്യുവാൻ കൂട്ടാക്കുന്നില്ല. അവർ ഇടപെടേണ്ട കാര്യമില്ല, കാരണം ദൈവം പ്രവർത്തിച്ച് ആക്രമണം നടത്തുന്ന സൈന്യത്തെ നശിപ്പിച്ചു കൊള്ളും (38:18-39.8).

യെരൂശലേം 'ഭാരമുള്ള കല്ല്' ആയി തുടരുകയും ഒരു അന്തിമ സംഘർഷത്തിനു സാദ്ധ്യതയുണ്ടാക്കുകയും ചെയ്യുമെന്ന് സെഖ. 12-14 വരെയുള്ള അദ്ധ്യായങ്ങളിൽ വായിക്കുന്നു. ലോകത്തിന്റെ ശ്രദ്ധ യെരൂശലേമിന്റെ മേൽ ആയിരിക്കും. യെരൂശലേമിനെതിരേ ലോക സൈന്യങ്ങൾ ഒത്തുചേർന്ന് ഒരു അന്തിമ യുദ്ധം നടക്കും. അതിനു മുമ്പ് യേശു മശിഹാ യിസ്രായേലിനെക്കുറിച്ച് ഒരു പ്രവചനം നടത്തിയിട്ടുണ്ട്: *"ഞാൻ ദാവീദ് ഗൃഹത്തിന്മേലും, യെരൂശലേം നിവാസികളുടെമേലും കൃപയുടെയും, യാചനകളുടെയും ആത്മാവിനെ പകരും; തങ്ങൾ കുത്തിയവങ്കലേക്ക് അവർ നോക്കും; ഏകജാതനെക്കുറിച്ച് വിലപിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വിലപിക്കും; ആദ്യ ജാതനെക്കുറിച്ച് വ്യസനിക്കുന്നതുപോലെ അവർ അവനെക്കുറിച്ചു വ്യസനിക്കും"* (സെഖ. 12:10). കുത്തിത്തുളയ്ക്കപ്പെട്ടവൻ യേശുവാണ്. അവിടുന്ന് മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പിനായി കുരിശിൽ മരിച്ചു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റ് ദൈവപുത്രൻ എന്നു തെളിയിച്ചു. ഈ വെളിപ്പാട് യിസ്രായേലിന്റെ ശേഷിപ്പിന് ഒരു ശുദ്ധീകരണ ഉറവ തുറക്കും (സെഖ. 13:1).

യിരെമ്യാ 30 - ൽ പറയുന്നത്, കുഴപ്പങ്ങളുടെ ഒരു കാലഘട്ടം ഉണ്ടാകുമെങ്കിലും ദൈവം തന്റെ സ്വന്ത ജനങ്ങളെ രക്ഷിക്കുമെന്നാണ്. ഈ ദുർഘട സമയത്ത്, യിസ്രായേലിനു തെറ്റിപ്പോയ കാര്യങ്ങൾ ക്രമപ്പെടുത്തുവാൻ സമയം ലഭിക്കും (യിര. 30:11). ഇത് മശിഹായെക്കുറിച്ചുള്ള തിരിച്ചറിവാണ്. ധാരാളം ജൂത ജനങ്ങൾക്ക് യേശു തങ്ങളുടെ മശിഹാ ആയിരുന്നുവെന്നും, പുതിയ ഉടമ്പടിപ്രകാരം മാനസാന്തരപ്പെട്ട യേശു മശിഹായിൽ വിശ്വസിച്ചാൽ ദൈവത്തിങ്കലേക്കു കടന്നു ചെല്ലാൻ പാതയൊരുക്കപ്പെടുമെന്ന് ബോദ്ധ്യം വരും (റോമ. 9-11).

## സമാധാന ഉടമ്പടി

ഈ പ്രവചന സംഭവങ്ങളെക്കുറിച്ച് ഈ ചെറു വിവരണത്തിൽ നാം എടുത്തു പറഞ്ഞിട്ടില്ലാത്ത ഒരു വിഷയം അന്ത്യനാളുകളിൽ യിസ്രായേൽ ഏർപ്പെടുവാനിരിക്കുന്ന ഒരു ഉടമ്പടിയെക്കുറിച്ചാണ്. ഇതു സംഭവിക്കാനുള്ള ഒരു സാദ്ധ്യത, സങ്കീർത്തനങ്ങൾ 83- ലും. യെഹെസ്കേൽ 38- ലും പരാമർശിക്കുന്ന യുദ്ധത്തെ തുടർന്ന് ആയിരിക്കാം. യിസ്രായേലിനെ രക്ഷിക്കുവാൻ ദൈവം ഇടപ്പെട്ടശേഷം യിസ്രായേൽ സൗദി അറേബ്യയുമായി, നാം നേരത്തെ കണ്ടിട്ടുള്ളതുപോലെ ഒരു സമാധാന ഉടമ്പടിയുണ്ടാക്കുവാനുള്ള

സാദ്ധ്യത ഉളവായിവരും.

വരുവാനിരിക്കുന്ന പ്രഭു എന്ന വാക്യ ശകലത്തിന്റെ സൂചന ദാനിയേലിന്റെ പുസ്തകത്തിലെ ഒരുകൂട്ടം വേദഭാഗങ്ങളുമായി ഒത്തു പോകുന്നു. അന്ത്യ കാലത്ത് വലിയ വഞ്ചനയുമായി വരുന്ന എതിർ മശിഹായുടെ ദുഷ്ട രൂപത്തെപ്പറ്റിയാണ് അത് സംസാരിക്കുന്നത്. ദാനിയേൽ 7:19-28, 8:23-26, 11:36-45 വരെ കാണുക. ദാനിയേൽ 9:27 നമ്മോട് പറയുന്നത്, അവൻ ഈ യുഗത്തിന്റെ അന്ത്യകാലത്ത് നിരവധിയാളുകളുമായുള്ള ഉടമ്പടിയിൽ, ശക്തമായ ഒരു കരാറിൽ ഏർപ്പെടും. വാക്യം 26-ൽ പറഞ്ഞിരിക്കുന്ന പ്രവചനം മശിഹായുടെ മരണത്തിലും ഉയിർപ്പിലും പൂർത്തീകരിക്കപ്പെട്ടു കഴിഞ്ഞതിന് നിരവധി വർഷങ്ങൾക്ക് ശേഷമാണ് ഇത് സംഭവിക്കുന്നത്. ആ സമയത്ത് എതിർ മശിഹാ (എതിർ ക്രിസ്തു) യിസ്രായേലുമായി ഒരു വ്യാജ ഉടമ്പടിയിൽ ഏർപ്പെടും. യെശയ്യാവിന്റെ പ്രവചനത്തിൽ പറയുന്ന ഭോഷ്ക്കും വ്യാജവും സൃഷ്ടിച്ച മരണത്തോടുള്ള സഖ്യത ഇതുമായി ബന്ധപ്പെട്ടിരിക്കുന്നു.

ഏഴു വർഷ കാലയളവിലേക്കാണ് ഉടമ്പടി ഒപ്പുവയ്ക്കുന്നത്. ഈ കാലയളവിന്റെ മധ്യത്തിൽ (മൂന്നരവർഷത്തിന് ശേഷം) എതിർ ക്രിസ്തു തന്റെ ഉടമ്പടി ലംഘിച്ച് വിശുദ്ധ സ്ഥലത്ത് ശൂന്യമാക്കുന്ന മ്ലേച്ഛത കൊണ്ടുവരും. മത്താ. 24:15-22 വരെ യേശു പറഞ്ഞ പ്രവചനമനുസരിച്ച് മഹോപദ്രവ കാലത്തിന്റെ അവസാനഘട്ടം അപ്പോൾ ആരംഭിക്കും. യാഗങ്ങൾ നിർത്തലാക്കികളയുമെന്ന് ദാനിയേൽ 9:27-ൽ സൂചിപ്പിക്കുന്നത്. വിശുദ്ധ മന്ദിരം വീണ്ടും പണിയാൻ ഈ ഉടമ്പടി അനുവദിക്കുമെന്നും ഏഴു വർഷ കാലയളവിന്റെ തുടക്കത്തിൽ പണി ആരംഭിക്കുമെന്നുമുള്ള വീക്ഷണത്തിലേക്കാണ് ഇത് നയിക്കുന്നത്.

ദാനിയേൽ 9-നെപ്പറ്റിയുള്ള സമ്പൂർണ്ണ ലേഖനത്തിനും, വാക്യം 26-നും 27-നും ഇടയിലുള്ള അന്തരത്തിന്റെ കാരണം ആരായാനും ഞങ്ങളുടെ ലേഖനം — 'ദാനിയേൽ എന്താണ് കേട്ടത് - 70 വർഷ പ്രവചനം' കാണുക. അത് ചെറു പുസ്തകമായും ഇമെയിൽ ആയും ലഭ്യമാണ്.

## തള്ളിക്കളഞ്ഞ കല്ലും മശിഹായും

മശിഹാ എഴുന്നള്ളിവന്ന് തന്റെ പ്രവൃത്തി ചെയ്ത് സ്വന്തം ജനത്തെ വിടുവിക്കുന്ന സമയത്തിലേക്ക് ഇതെല്ലാം വഴിതുറക്കും.

***'അതുകൊണ്ടു യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: ഇതാ, ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലു ഇട്ടിരിക്കുന്നു; വിശ്വസിക്കുന്നവൻ ഓടിപ്പോകയില്ല. ഞാൻ ന്യായത്തെ അളവു ചരടും നീതിയെ തൂക്കുകട്ടയും ആക്കിവെക്കും; കന്മഴ വ്യാജശരണത്തെ നീക്കിക്കളയും; വെള്ളം ഒളിപ്പിടത്തെ ഒഴിക്കികൊണ്ടു പോകും'***
യെശയ്യാവ് 28:16-17.

വിശ്വസിച്ചവർക്ക് വേണ്ടിയും (ദൈവവചനം), തിടുക്കത്തിൽ പ്രവർത്തിക്കാത്തവർക്ക് വേണ്ടിയും അവിടുന്നു പ്രവർത്തിക്കും (വാക്യം 16). അങ്ങനെ ചെയ്യുന്നതിലൂടെ താൻ ദൈവത്തിന്റെ ന്യായവും നീതിയും കൊണ്ടു വരികയും വ്യാജ ശരണത്തെ നീക്കിക്കളയുകയും ചെയ്യും. 'ഉറപ്പുള്ള അടിസ്ഥാനമായിട്ടു ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലും ആയി ഒരു അടിസ്ഥാനക്കല്ലിൽ' വിശ്വസിക്കുന്നവർക്ക് വേണ്ടിയും അവിടുന്ന് പ്രവർത്തിക്കും. മശിഹൈക സങ്കീർത്തനം 118:22-ൽ നാം വായിക്കുന്നു, 'വീടു പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായി

തീർന്നിരിക്കുന്നു'. ഈ വാക്യം പുതിയ നിയമത്തിൽ യേശുവിന്റെ ജീവിതത്തിൽ അഞ്ചു പ്രാവശ്യം പ്രായോഗികമായിട്ടുണ്ട്. മത്താ. 21:42, മർക്കൊ. 12:10, ലൂക്കൊ. 20:17, അപ്പൊ. 4:11, 1 പത്രൊ. 2:7. മശിഹായെ തിരസ്കരിക്കുന്നതിനെപ്പറ്റിയും മഹത്ത്വീകരിക്കുന്നതിനെപ്പറ്റിയും അത് സംസാരിക്കുന്നു. യേശുവിന്റെ ആദ്യത്തെ വരവ്, നമ്മുടെ പാപങ്ങൾ കുരിശിൽ വഹിച്ച് മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ, യെശ. 53-ലെ കഷ്ടം അനുഭവിക്കുന്ന ദാസനായിട്ടായിരുന്നു എന്ന് അത് ചൂണ്ടിക്കാണിക്കുന്നു. 'തള്ളിക്കളഞ്ഞ കല്ലു മൂലക്കല്ലായി തീർന്നിരിക്കുന്നു' എന്ന വാക്യം മശിഹായുടെ മടങ്ങി വരവിനെപ്പറ്റിയും അപ്പോൾ അവിടുന്നു തന്റെ അവകാശമായ യിസ്രായേലിന്റെ രാജത്വവും ലോകത്തിന്റെ രാജത്വവും തന്റെ രണ്ടാമത്തെ വരവിൽ ഏറ്റെടുക്കുന്നതിനെപ്പറ്റിയും പറയുന്നു.

സങ്കീർത്തനം 118 യെരൂശലേമിലേക്കുള്ള തന്റെ പ്രവേശനത്തെപ്പറ്റി പറയുന്നു. അപ്പോൾ ജനം യേശുവിന് ഹോശന്നാ (ഹീബ്രൂ ഹോശന്നായുടെ അർത്ഥം ഞങ്ങളെ രക്ഷിക്ക) ബാറുക്ക് ഹാബാശേം അഡോനായി, യഹോവയുടെ നാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവൻ (വാക്യം. 26), മത്തായി 21:9- ൽ രേഖപ്പെടുത്തിയ മശിഹായെ വന്ദനം ചെയ്യുന്ന വാക്കുകൾ ഉപയോഗിച്ച് വാഴ്ത്തുന്നു. കർത്താവിനെ യാഗ പീഠത്തിന്റെ കൊമ്പുകളോളം കെട്ടുന്നതിനെപ്പറ്റിയും സങ്കീർത്തനം പറയുന്നു. തന്റെ രക്തം ചിന്തി ലോകത്തിന്റെ പാപത്തിൽ നിന്ന് നമ്മെ വീണ്ടെടുക്കാൻ യേശുവിനെ കുരിശിൽ ആണിയിൽ തറച്ചു (യാഗത്തിന്റെ സ്ഥലം).

യിസ്രായേലിനെ അതിന്റെ ആവശ്യത്തിൽ രക്ഷിക്കുന്ന ഒരുവനായ മശിഹായുമായി യെശയ്യാവ് 28-ലെ കല്ലിന് ഒരു ബന്ധമുണ്ട്. തന്നിൽ ആശ്രയിക്കുന്നവർ തിടുക്കത്തിൽ പ്രവർത്തിക്കാതെ, വലിയ കഷ്ടതയുടെ നടുവിൽ യഥാർത്ഥ സമാധാനത്തിന്റെയും സുരക്ഷയുടെയും സ്ഥാനത്തിലേക്ക് കർത്താവിനാൽ നയിക്കപ്പെടും. അന്ത്യനാളുകളിൽ, യിസ്രായേൽ വശീകരിക്കപ്പെട്ട് ഏർപ്പെടുന്ന വ്യാജ സമാധാന ഉടമ്പടിയിൽ നിന്ന് ഈ വലിയ കഷ്ടത ഉയർന്നുവരും.

യെശയ്യാവ് 28-ലെ പ്രവചനത്തിന്റെ അവസാനത്തിൽ, പെരാസീം മലയിലും ഗിബെയോൻ താഴ്വരയിലും താൻ ചെയ്തത്പോലെ കർത്താവ് യിസ്രായേലിനെ രക്ഷിക്കാൻ എഴുന്നേറ്റു വരുന്നതിനെപ്പറ്റിയും പറയുന്നു. ***'യഹോവ തന്റെ പ്രവൃത്തിയെ തന്റെ ആശ്ചര്യ പ്രവൃത്തിയെ തന്നേ, ചെയ്യേണ്ടതിന്നും തന്റെ ക്രിയയെ, തന്റെ അപൂർവ്വ ക്രിയയെ തന്നേ നടത്തേണ്ടതിന്നും പെരാസീം മലയിൽ എന്നപോലെ എഴുന്നേൽക്കയും ഗിബെയോൻ താഴ്വരയിൽ എന്നപോലെ കോപിക്കയും ചെയ്യും.'***

ദാവീദ് യെരൂശലേമിനെ തന്റെ തല സ്ഥാനം ആക്കിയതിന് ശേഷം പെരാസീം എന്ന സ്ഥലത്തു വെച്ചാണ് ഫെലിസ്ത്യരെ പരാജയപ്പെടുത്തിയത് (2 ശമു. 5). ദേശത്തിന്റെ തെക്ക്ഭാഗം പിടിച്ചെടുക്കാൻ യോശുവ അഞ്ച് അമോര്യ രാജാക്കന്മാരെ പരാജയപ്പെടുത്തിയത് ഗിബെയോൻ താഴ്വരയിൽ വെച്ചാണ്. അപ്പോഴാണ് സൂര്യൻ ഗിബെയോനിലും ചന്ദ്രൻ അയ്യാലോൻ താഴ്വരയിലും നിന്നത് (യോശു. 10:1-15). അന്ത്യ യുദ്ധത്തെക്കുറിച്ചും അതിന്റെ പ്രത്യാഘാതത്തെക്കുറിച്ചും സെഖര്യാവ് 14:1-9 വരെ രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത് പുതിയ നിയമത്തിലെ ഹർമ്മഗെദ്ദോൻ യുദ്ധവുമായി ഒത്തുവരുന്നു.

“അവർ അവരെ എബ്രായ ഭാഷയിൽ ഹർമ്മഗെദ്ദോൻ എന്നുപേരുള്ള സ്ഥലത്തിൽ കൂട്ടിച്ചേർത്തു” (വെളി. 16:16).

ഈ യുദ്ധം മശിഹായുടെ ആളത്വപരമായ മടങ്ങിവരവിന് ഇടയാക്കുകയും ദൈവശക്തിയാൽ ദുഷ്ട ശക്തികളെ പരാജയപ്പെടുത്തി തന്റെ മശിഹാ രാജ്യം സ്ഥാപിക്കുകയും ചെയ്യും.


*“അനന്തരം സ്വർഗം തുറന്നിരിക്കുന്നതു ഞാൻ കണ്ടു; ഒരു വെള്ളക്കുതിര പ്രത്യക്ഷമായി; അതിന്മേൽ ഇരിക്കുന്നവനു വിശ്വസ്തനും സത്യവാനും എന്നു പേർ. അവൻ നീതിയോടെ വിധിക്കയും പോരാടുകയും ചെയ്യുന്നു. അവന്റെ കണ്ണ് അഗ്നിജ്വാല, തലയിൽ അനേകം രാജമുടികൾ; എഴുതീട്ടുള്ള ഒരു നാമവും അവനുണ്ട്. അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ. അവൻ രക്തം തളിച്ച ഉടുപ്പു ധരിച്ചിരിക്കുന്നു. അവനു ദൈവവചനം എന്നു പേർ പറയുന്നു. സ്വർഗ്ഗത്തിലെ സൈന്യം നിർമലവും ശുഭ്രവുമായ വിശേഷ വസ്ത്രം ധരിച്ച് വെള്ളക്കുതിരപ്പുറത്തുകയറി അവനെ അനുഗമിച്ചു. ജാതികളെ വെട്ടുവാൻ അവന്റെ വായിൽ നിന്നു മൂർച്ചയുള്ള വാൾ പുറപ്പെടുന്നു; അവൻ ഇരുമ്പുകോൽ കൊണ്ട് അവരെ മേയിക്കും; സർവ്വശക്തിയുള്ള ദൈവത്തിന്റെ കോപവും ക്രോധവുമായ മദ്യത്തിന്റെ ചക്ക് അവൻ മെതിക്കുന്നു. രാജാധിരാജാവും കർത്താധികർത്താവും എന്ന നാമം അവന്റെ ഉടുപ്പിന്മേലും തുടമേലും എഴുതിയിരിക്കുന്നു”* (വെളി. 19:11-16). അതിനേ തുടർന്ന് സഹസ്രാബ്ദ രാജ്യത്തിൽ മശിഹാ വാഴുമെന്ന് വെളിപ്പാട് 20-ലും യെശയ്യാവ് 2:1-4 വരെയും വിശദീകരിച്ചിരിക്കുന്നു.

ഇതെല്ലാം അവസാനിപ്പിക്കാൻ കർത്താവ് നിശ്ചയിച്ച് ഉറപ്പിച്ച് പ്രവർത്തിക്കുന്നു. യെശ. 28-ൽ നാം വായിക്കുന്നു. ***‘സർവ്വ ഭൂമിയിലും വരുവാൻ നിർണ്ണയിച്ചിട്ടുള്ള ഒരു സംഹാരത്തെക്കുറിച്ചു ഞാൻ സൈന്യങ്ങളുടെ യഹോവയായ കർത്താവിങ്കൽനിന്നു കേട്ടിരിക്കുന്നു’.*** സംഹാരം എന്ന വാക്കിന് സമാനമായ എബ്രായ പദം l nem (calah) എന്നാണ്. അന്ത്യം എന്നും പൂർണ്ണതയെന്നും, പ്രത്യേകിച്ച് ഒരു കാലഘട്ടവുമായി ബന്ധപ്പെട്ട്, അതിന് അർത്ഥമുണ്ട്. ഈ കാലഘട്ടത്തിന്റെ, യുഗത്തിന്റെ അവസാനത്തിലേക്ക്, യിസ്രായേൽ രാഷ്ട്രത്തിന്റെ മടങ്ങിവരവിലേക്ക് ഈ സംഭവങ്ങൾ ലോകത്തെ നയിക്കുന്നു. അപ്പോൾ മശിഹാ രാജാവ് തന്റെ അവകാശത്തിന്റെ സ്ഥാനം ഏറ്റെടുക്കാൻ മേലക്ക് യിസ്രായേൽ — യിസ്രായേലിന്റെ രാജാവായും, മേലക്ക് ഹാ ഒലാം — ലോകത്തിന്റെ രാജാവായും, മടങ്ങിവന്ന് അവസാനത്തെ സംഘർഷത്തിന് ശേഷം പുനരുദ്ധരിക്കപ്പെട്ട യെരൂശലേമിൽ നിന്ന് വാഴും.

***‘അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കുമീതെ ഉന്നതവുമായിരിക്കും; സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേക വംശങ്ങളും ചെന്നു: വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കോബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം; അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചുതരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരൂശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും’*** യെശ. 2:2-4. ✱

# ജനതതികളെ മുദ്രയിടുന്നു

## തോമസ് ജെ ഹ്യൂഗസ്




**ഈ** പുസ്തകം ആരംഭിക്കുന്നത് ഗ്രന്ഥകാരൻ തന്റെ പിതാവുമായി നടത്തുന്ന സംഭാഷണത്തോടെയാണ്. അദ്ദേഹത്തിന്റെ പിതാവ് 1961-ൽ, മഹാനഗരമായ ലോസ് ആഞ്ചലസിന് അഭിമുഖമായുള്ള ഹോളിവുഡ് ഹിൽസിലെ ഒരു ആഡംബര വസതിയിൽ വച്ചു നടക്കുന്ന ഒരു പാർട്ടിയിൽ സംബന്ധിക്കുകയാണ്. ഇപ്പോൾ നാം ജീവിക്കുന്ന വിവര യുഗത്തിലേക്ക് നമ്മെ നയിച്ച സാങ്കേതിക വിജ്ഞാനത്തിന്റെ തുടക്കക്കാരാണ് ആ പാർട്ടിയിൽ സംബന്ധിക്കുന്നവർ. അപ്പോൾ ഒരു വ്യക്തി വന്നിട്ട് താഴെ നഗരത്തിലെ തെളിഞ്ഞു നിൽക്കുന്ന വിളക്കുകളിലേക്ക് കൈ ചൂണ്ടിക്കൊണ്ട് പറഞ്ഞു, 'അവിടെയുള്ള എല്ലാവരെയും ഒരു ദിവസം നാം നിയന്ത്രിക്കും'. അദ്ദേഹം ലോസ് ആഞ്ചലസിലെ ജനങ്ങളെപ്പറ്റി മാത്രമല്ല പറഞ്ഞത്. ലോകത്തിൽ ഉള്ളവരെയെല്ലാം തിരിച്ചറിയാനും നിയന്ത്രിക്കാനും അധികാരത്തിൽ ഇരിക്കുന്നവർ മാർഗ്ഗം കണ്ടുപിടിക്കുന്ന ഒരു ദിവസം വരുന്നുവെന്നാണ് അദ്ദേഹം അർത്ഥമാക്കിയത്.

തന്റെ പിതാവ് ഈ സംഭവത്തെപ്പറ്റി പറഞ്ഞപ്പോൾ, മൃഗത്തിന്റെ അടയാളം സംബന്ധിച്ച് വെളിപ്പാട് 13-ലെ പ്രസിദ്ധമായ പ്രവചനം തോമസ് ഹ്യൂഗസിന് ഓർമ്മ വന്നു:

*'അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്ര കിട്ടുമാറും മൃഗത്തിന്റെ പേരോ പേരിന്റെ സംഖ്യയോ ആയ മുദ്രയുള്ളവനല്ലാതെ വാങ്ങുകയോ വില്ക്കുകയോ ചെയ്വാൻ വഹിയാതെയും ആക്കുന്നു. ഇവിടെ ജ്ഞാനം കൊണ്ടു ആവശ്യം. ബുദ്ധിയുള്ളവൻ മൃഗത്തിന്റെ സംഖ്യ ഗണിക്കട്ടെ: അതു ഒരു മനുഷ്യന്റെ സംഖ്യയത്രെ. അതിന്റെ സംഖ്യ അറുനൂറ്ററുപത്താറു'.*

ചരിത്ര പരമായ ഈ പ്രവചനത്തിന് വ്യത്യസ്തമായ വ്യാഖ്യാനങ്ങൾ ആണുള്ളത്. ഈ പ്രവചനം അക്ഷരീകമായല്ല, പകരം ആലങ്കാരികമായി വ്യാഖ്യാനിക്കണമെന്ന് പറയുന്നവരും അതിലുണ്ട്. എന്നാൽ, ആധുനിക

സാങ്കേതിക വിദ്യയുടെ വളർച്ച മൂലം, വർധിച്ചു വരുന്ന ഒരുകൂട്ടം ആളുകൾ, തോമസ് ഹ്യൂഗസ് ഉൾപ്പെടെയുള്ളവർ ഈ വേദഭാഗം അക്ഷരീകമായി വ്യാഖ്യാനിക്കണമെന്ന പക്ഷക്കാരാണ്. 1961-ൽ ലോസ് ആഞ്ചലസിലെ ഒരു പാർട്ടിയിൽ പ്രവചിക്കപ്പെട്ട ആഗോള തിരിച്ചറിയൽ പദ്ധതി വെളിപ്പാട് പുസ്തകത്തിലെ ഈ പ്രവചനത്തിന്റെ അക്ഷരീകമായ നിറവേറലിലൂടെ യാഥാർഥ്യമാകും. തിരിച്ചറിയാൻ വേണ്ടി ജനങ്ങൾക്ക് മുദ്ര നൽകും. യേശു ക്രിസ്തുവിന്റെ മടങ്ങിവരവിന് മുൻപ് ലോക ചരിത്രത്തിന്റെ അവസാന പാദത്തിൽ വിൽക്കുവാനും വാങ്ങുവാനും അത് അവർക്ക് ആവശ്യമാണ്.

ലോകത്തെ ഈ ദിശയിലേക്ക് തള്ളിവിടുന്ന വസ്തുതകളെപ്പറ്റി പുസ്തകം വിശദമായി അവലോകനം ചെയ്യുന്നു.

- അമേരിക്ക, ചൈന, ഇയു, യുകെ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട രാജ്യങ്ങളെ വലിയ ആഗോള കടബാധ്യത ബാധിക്കുന്നു. 2021-ൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണൽ ഫിനാൻസ് പങ്കുവച്ച ആഗോള കണക്കുകൾ പ്രകാരം അത് 303 ലക്ഷം കോടിയാണ്. ഉരുണ്ടു കൂടുന്ന അമിതമായ പണപ്പെരുപ്പം ആഗോള സാമൂഹിക തകർച്ചയിലേക്ക് നയിക്കുമെന്ന് ഹെഡ്ജെ ഫണ്ട് മേധാവി എല്ലിയോട്ട് മുന്നറിയിപ്പ് നൽകുന്നു.
- 'ശാസ്ത്രത്തെ പിന്തുടരുവാൻ' മുറവിളി ഉയരുന്നു. കാലാവസ്ഥാ വ്യതിയാനവും മഹാമാരിയും സംസ്കാരത്തെ നാമാവിശേഷമാക്കുമെന്ന ഭയപ്പെടുത്തുന്ന പ്രവചനം ആളുകളെ അങ്കലാപ്പിലാക്കുകയും പരിഹാരത്തിനുവേണ്ടി തങ്ങളുടെ സ്വാതന്ത്ര്യം ഉപേക്ഷിക്കാൻ അവർ തയ്യാറാവുകയും ചെയ്യുന്നു.
- സാങ്കേതിക വിദ്യയുടെ പിന്തുണയോടെ, ചൈനയുടെ 'സാമൂഹ്യ നിക്ഷേപ നേട്ടം' (Social credit Score) അല്ലെങ്കിൽ പാശ്ചാത്യ രാജ്യങ്ങളുടെ 'പരിസ്ഥിതി, സാമൂഹിക, ഭരണ ശ്രേണി സംവിധാനം' (ESG) പോലുള്ള നിയന്ത്രണത്തിന്റെ പുതിയ രൂപങ്ങളുടെ ആവിർഭാവമാണത്.
- ആണവയുദ്ധവും കൂട്ട നശീകരണ ആയുധങ്ങളും ഉയർത്തുന്ന ഭയം.

ലോകത്തെ ഒരു ആഗോള സർക്കാരിന്റെ ദിശയിലേക്ക് തള്ളിവിടുന്ന ഈ വസ്തുതകളുടെയും മറ്റു ആഗോള ശക്തികളുടെയും വിശദമായ വിവരങ്ങൾ ഈ പുസ്തകത്തിൽ വായിക്കുന്നു. ലോക സാമ്പത്തിക സമിതിയുടെ എക്സിക്യൂട്ടീവ് ചെയർമാനായ ക്ലൂവുസ് സ്കാവ്, ദുബായിൽ നടന്ന ലോക സർക്കാർ ഉച്ചകോടിയിൽ പറഞ്ഞു, *'ചരിത്രം പതിയെ ഒരു വഴിത്തിരിവിൽ എത്തിയിരിക്കുന്നു. സംഭവിക്കാൻ പോകുന്ന സംവിധാന, ഘടനാപരമായ മാറ്റങ്ങളുടെ മുഴുവൻ വ്യാപ്തിയെപ്പറ്റി നമുക്കറിയില്ല. എന്നാൽ, ഊർജ്ജ സംവിധാനങ്ങളും, വിതരണ ശൃംഖലകളും, ഭക്ഷ്യ സംവിധാനങ്ങളും വലിയ തോതിൽ ബാധിക്കപ്പെടുമെന്ന് നമുക്കറിയാം.'*

*'ആഗോള സർക്കാരിന് വേണ്ടി വാദിക്കുന്ന പ്രസ്ഥാനത്തെ, ജനാധിപത്യത്തിൽ വിശ്വസിക്കാത്ത ഒരു ചെറിയ കൂട്ടം വരേണ്യ വർഗ്ഗക്കാരാണ് പിന്തുണയ്ക്കുന്നത്. ജനാധിപത്യത്തിൽ അവർ കാണുന്ന പ്രശ്നം ജനങ്ങളാണ്. അതുകൊണ്ട്, മാനവരാശി സ്വയം നശിക്കുന്നതിന് മുൻപ് അല്ലെങ്കിൽ ഈ ഭൂമി നിവാസയോഗ്യമല്ലാതാകുന്നതിന് മുൻപ് ബോധോദയം പ്രാപിച്ച ഒരു ചെറിയകൂട്ടം വ്യക്തികൾ മാനവരാശിയുടെ നിയന്ത്രണം ഏറ്റെടുക്കണമെന്ന് അവർ വിശ്വസിക്കുന്നു. അതിനുവേണ്ടിയാണ, ലോക സാമ്പത്തിക*

*സമിതി നിലകൊള്ളുന്നത് — ലോകത്തിന്റെ ഭാവി വരേണ്യ വർഗ്ഗം നിശ്ചയിക്കും; വരേണ്യ വർഗ്ഗം നമുക്ക് വേണ്ടി തീരുമാനം എടുക്കും'* (പേജ് 88-89).

മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഏക ലോക രാഷ്ട്രീയ സംവിധാനം നമുക്ക് ആവശ്യമാണ്. ലോകത്തെ രക്ഷിക്കാൻ രാഷ്ട്രങ്ങൾ ഈ ക്രമത്തിന് കീഴ്പ്പെടണം.

## നാം എങ്ങനെ അവിടെയെത്തും?

ഈ ഘട്ടത്തിൽ എത്താൻ, പാശ്ചാത്യ ലോകത്തിന്റെ മതത്തിന്റെയും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പുനരെഴുത്ത് അത്യാവശ്യമാണ്. ആഗോള സർക്കാർ പ്രസ്ഥാനത്തിന്റെ ആദ്യകാല വക്താക്കളിൽ ഒരാൾ, ലോക സംഘ രാജ്യ ഭരണാനുകൂലികളുടെ വാൾട്ടർ ക്രോംകൈറ്റ് ആണ്. ലോകത്തിലെ സർക്കാരുകളെയെല്ലാം ഭരിക്കാൻ യേശു ക്രിസ്തു മടങ്ങിവരുന്നു എന്ന് ക്രോംകൈറ്റിനോട് പറഞ്ഞ ഒരു വ്യക്തിയുമായി അദ്ദേഹം ഒരിക്കൽ വാദപ്രതിവാദം നടത്തി. 'ശ്രീമാൻ ക്രോം കൈറ്റ് ആഞ്ഞടിച്ചു,' താനും തന്റെ കൂട്ടരും കൊണ്ടുവരുന്ന ഒരു യഥാർത്ഥ പുതു ലോക ക്രമവുമായി ബന്ധപ്പെട്ട് അയാൾ പറഞ്ഞത്, *'സാത്താന്റെ വലതുഭാഗത്ത് ഇരിക്കുന്നതിൽ ഞാൻ സന്തോഷവാനാണ്. ബൈബിളിലെ നിമ്രോദിനെപ്പോലെ (ഉല്പ. 10:11 ലെ ബാബേൽ ഗോപുരം) അതിന്റെ ലക്ഷ്യം മാനവരാശിയുടെ നന്മയല്ല. പകരം, ദൈവത്തിന് പകരം മനുഷ്യനെ പ്രതിഷ്ഠിച്ച് ഭൂമിയിലെ അനുഗ്രഹങ്ങൾ പൂർണ്ണമായും അനുഭവിക്കാനുള്ള ആഗ്രഹമാണിത്'* (പുറം 106).

പാശ്ചാത്യ സമൂഹങ്ങളിൽ യുവജനങ്ങളുടെ മനസ്സിൽ സൃഷ്ടിച്ച ഉത്കണ്ഠ അവരുടെ ആയുസ്സ് കുറയ്ക്കുന്നതായി നാം കാണുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെയും, കോവിഡ് അടച്ചുപൂട്ടൽ സ്വാധീനത്തിന്റെയും, പരമ്പരാഗത മൂല്യങ്ങളുടെ അടിത്തറ തോണ്ടുന്നതിന്റെയും അതിനുപകരം "വർഗ്ഗ മുൻവിധിയുടെയും വിവേചനത്തിന്റെയും" പ്രത്യയശാസ്ത്രം കൊണ്ടുവരുന്നതിന്റെയും ഭയമാണ് അവരിൽ ഉത്കണ്ഠ സൃഷ്ടിക്കുന്നത്. പ്രത്യേകിച്ച്, കുട്ടികളുടെ മേൽ സ്വവർഗ്ഗാനുരാഗ ആശയ പ്രചാരണങ്ങളുടെ അടിച്ചേൽപ്പിക്കലും അവരുടെ വിനോദങ്ങളിൽ ദുർമന്ത്രവാദത്തിന്റെയും പിശാചിന്റെയും രൂപങ്ങളുടെ വർധനയും ഈ ഉത്കണ്ഠയ്ക്ക് കാരണമാണ്.

തോമസ് ഹ്യൂഗസ് എഴുതുന്നു, 'പരമ്പരാഗത കുടുംബങ്ങളും, ധാർമ്മികതയും ലിംഗഭേദവും പൊളിച്ചടുക്കുന്നതിനെ ദ്രുതഗതിയിൽ ആശ്ലേഷിച്ചുകൊണ്ടിരിക്കുന്നു. ഞാൻ അതിനെ സൂചിപ്പിക്കാൻ പോകുന്നത് 'വർഗ്ഗ വിവേചന ആശയം' എന്നാണ്; അത് പുതു ലോക മതസംവിധാനത്തിന്റെ അടിസ്ഥാനമായി, മഹോപദ്രവകാലയളവിൽ എതിർ ക്രിസ്തുവിന്റെ രാഷ്ട്രീയ സാമ്പത്തിക സംവിധാനത്തോടൊപ്പം ഒരുമിച്ച് ഉയർന്നുവരുമെന്ന് പ്രവചനമുണ്ട്. മിക്ക ആളുകളും വർഗ്ഗവർണ്ണ വിവേചനങ്ങളെ ഒരു മതമായി കാണുന്നില്ലെങ്കിലും, അതിന് മതത്തിന്റെ എല്ലാ സവിശേഷതയുമുണ്ട്. എല്ലാറ്റിനെയും നിരാകരിക്കുന്ന ഈ ലോക വീക്ഷണം ബൈബിൾ വെളിച്ചത്തിൽ കാണുന്നത് അസാധ്യമല്ല; ചരിത്രത്തിൽ നാം കണ്ട ജാതീയ വിശ്വാസങ്ങളിൽ നിന്നും ആചാരങ്ങളിൽ നിന്നും അതിനൊട്ടും വ്യത്യാസവുമില്ല. അന്ത്യകാലത്തിൽ, പൂർണ്ണമായും യേശു ക്രിസ്തുവിനോട് എതിർത്തുനിൽക്കുന്ന ഈ ആഗോള വിശ്വാസങ്ങളെക്കുറിച്ച് ബൈബിൾ പ്രവചനം വിശദീകരിക്കുന്നു. മുൻപേ പറഞ്ഞ

ആശയവുമായി അതു പൂർണ്ണമായും യോജിക്കുന്നു' (പുറം. 125).

കൊറോണാ വിഷാണുവിനെപ്പറ്റിയുള്ള 'വിഷാണു കൗശലം' എന്ന അധ്യായത്തിൽ (പുറം 139-158) ജനങ്ങളുടെമേൽ ക്രൂരമായ നിയമങ്ങൾ അടിച്ചേൽപ്പിക്കാൻ കോവിഡ് പ്രതിസന്ധിയെ സർക്കാർ എങ്ങനെ ഉപയോഗിച്ചെന്ന് അദ്ദേഹം സൂചിപ്പിക്കുന്നു. ജനങ്ങളുടെ മതസ്വാതന്ത്ര്യവും, അഭിപ്രായ സ്വാതന്ത്ര്യവും ഒത്തുചേരുവാനുള്ള സ്വാതന്ത്ര്യവും അവർ എടുത്തുകളഞ്ഞു. 'കുത്തിവെയ്പ് പാസ്പോർട്ട്' ലഭിക്കാൻ വാക്സിൻ എടുക്കണമെന്ന സമ്മർദ്ദത്തെ അദ്ദേഹം മൃഗത്തിന്റെ മുദ്ര ഏൽക്കാൻ ജനങ്ങളുടെമേൽ വരുന്ന സമ്മർദ്ദവുമായി താരതമ്യം ചെയ്തു (വാക്സിൻ എടുക്കുന്നത് മുദ്ര ഏൽക്കൽ അല്ലെന്ന് അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ട്). അടച്ചുപൂട്ടൽ, മാസ്ക് ധരിക്കൽ, കുത്തിവെയ്പ് എടുക്കൽ എന്നിവയെ ചോദ്യം ചെയ്തുകൊണ്ട് നിങ്ങൾ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ നിങ്ങൾക്ക് പിഴയൊടുക്കേണ്ടിവന്നേക്കാം.

## എന്താണ് മുദ്ര

ഒരുപക്ഷേ ഈ പുസ്തകത്തിലെ ഏറ്റവും താല്പര്യജനകമായ അധ്യായം അവസാനത്തെ ഭാഗമായ 'മൃഗ ലോകം അത്രേ' (പുറം. 161-169). അതിൽ അദ്ദേഹം മൃഗത്തിന്റെ മുദ്രയുടെ സാങ്കേതികത്വം വിവരിക്കുന്നു. പ്രവചനം അക്ഷരീകമായി മനസ്സിലാക്കുവാൻ അദ്ദേഹം നിർബന്ധിക്കുന്നു. വരാൻപോകുന്ന ദിവസങ്ങളിൽ അതെങ്ങനെ പ്രവർത്തിക്കുമെന്ന് അദ്ദേഹം പറയുന്നു.

'വെളിപ്പാട് 13:16 - ൽ പറയുന്നു, '*അതു ചെറിയവരും വലിയവരും സമ്പന്നന്മാരും ദരിദ്രന്മാരും സ്വതന്ത്രന്മാരും ദാസന്മാരുമായ എല്ലാവർക്കും വലങ്കൈമേലോ നെറ്റിയിലോ മുദ്രകിട്ടുമാറ്...*' എന്തുകൊണ്ട്? മുഖമാണ് ലോകത്തിലെ സർവ്വസാധാരണമായ ജീവശാസ്ത്ര തിരിച്ചറിയൽ പ്രക്രിയ. നാം അത് പാസ്പോർട്ടിലും ഡ്രൈവിംഗ് ലൈസൻസിലും ഉപയോഗിക്കുന്നു. നമ്മുടെ മുഖം മൂലം നാം തിരിച്ചറിയപ്പെടുന്നു. ഫോണുകളും മറ്റു കമ്പ്യൂട്ടറുകളും മുഖം തിരിച്ചറിയുന്ന സംവിധാനം ഉപയോഗിക്കുന്നു. അതുകൊണ്ട്, മൃഗത്തിന്റെ മുദ്ര പതിപ്പിക്കാനുള്ള ശരീരഭാഗം നെറ്റിയാവുന്നത് അർത്ഥവത്തായ വസ്തുതയാണ്. മറ്റൊരു ജീവശാസ്ത്ര തിരിച്ചറിയൽ സംവിധാനം നെറ്റിയാണ് – അതിന് തെറ്റ് പറ്റുകയില്ല – മനുഷ്യന്റെ നേത്രാന്തര പടലം ആണത്. രണ്ടാമത്തെ സർവ്വസാധാരണമായ വിരലടയാളമാണ്. കൈപ്പത്തിയുടെയും തള്ളവിരലിന്റെയും അടയാളവും അതിൽപ്പെടും. അതുകൊണ്ട്, മൃഗത്തിന്റെ അടയാളത്തിന് യോജിക്കുന്ന സ്ഥലമാണ് കയ്യ്.

*'മുദ്രയിൽ പച്ചകുത്ത് കാണുമെന്ന് ആളുകൾ പണ്ടേ സംശയിക്കുന്നു – ഒരുപക്ഷേ യഥാർത്ഥ സംഖ്യയായ 666. ചിലർ ഊഹിക്കുന്നത്, അത് ഏതാണ്ട് വ്യക്തിഗതമായ, 666 എന്ന സംഖ്യ ഉൾപ്പെടുന്ന എളുപ്പത്തിൽ തിരിച്ചറിയാവുന്ന പൊതുവായ മാതൃക ഉപയോഗിക്കുന്ന ബാർകോഡോ അല്ലെങ്കിൽ ക്യുആർ കോഡോ (ശീഘ്ര രഹസ്യ ചിഹ്നം) ആണെന്നാണ്. ഒരു സൂക്ഷ്മ പരിശോധനാ യന്ത്രത്താൽ വായിച്ച് നിങ്ങളുടെ വരവു ചെലവു കണക്കുകൾ വല്ല്യേട്ടന്റെ ആസ്ഥാനത്തിൽ ബന്ധിപ്പിക്കുന്നു. ഇത് ലളിതവും ചെലവ് കുറഞ്ഞതുമാണ്. എന്നാൽ, അതിൽ പെട്ടെന്ന് കൃത്രിമത്വം കാണിക്കാൻ കഴിയും. നായ്ക്കളിൽ നാം സൂക്ഷ്മച്ചീള് (micro chip) ഉപയോഗിക്കുന്നു. ഒരു ചീള് ഒരേസമയം ഒരു വ്യക്തിയുടെ യഥാർത്ഥ സ്ഥാനം,*

*സാമ്പത്തിക വിവരം, വൈദ്യ ചരിത്രം, നിക്ഷേപ തുക, മറ്റു നിരവധി വസ്തുതകൾ എന്നിവ നിരീക്ഷിക്കുന്നു. അത് എന്തായിരുന്നാലും, ആ മുദ്രയിൽ ശരീരത്തിൽ പതിപ്പിക്കുന്ന എന്തോ ഒന്ന് ഉണ്ടാകും. ഒരു വ്യക്തിയുടെ പേര് പട്ടികയിൽ പ്രദർശിപ്പിക്കുന്നത് പോലെ എളുപ്പമായിരിക്കില്ല അത്. ആഗോളസമ്പദ് വ്യവസ്ഥയുമായി നല്ല ബന്ധമുള്ള ഒരു അംഗമായി ഒരാളെ കാണിക്കുന്നതിനേക്കാൾ കൂടുതൽ അത് ചെയ്യും. എതിർ ക്രിസ്തുവിനോട് പൂർണ്ണ വിധേയത്വം — ഒരു അനുയായി എന്ന നിലയിൽ അല്ല, ഒരു ആരാധകൻ എന്ന നിലയിൽ ആ വ്യക്തിയെ അത് അടയാളപ്പെടുത്തും'* (പുറം 161-171).

ഇതെല്ലാം ഒരു ഏകാധിപത്യ സംവിധാനത്തിന്റെ ഭാഗമായിരിക്കും. അതിന്റെ നിയന്ത്രണം, മുമ്പെങ്ങുമില്ലാത്തവിധം ജനങ്ങളെ നിരീക്ഷണത്തിന് വിധേയമാക്കുന്ന നിലയിലായിരിക്കും. ഇതിനെ സാധ്യമാക്കുന്നത് നാം അടുത്ത കാലത്ത് കണ്ടുകൊണ്ടിരിക്കുന്ന, സാങ്കേതിക വിദ്യയുടെ അഭൂതപൂർവ്വമായ വികാസമാണിത്. വേൾഡ്‌വൈഡ്‌വെബ് ഇന്റർനെറ്റ് സംവിധാനം (www) ഈ വികാസത്തിന്റെ താക്കോലായിരിക്കും. അടുത്തകാലത്ത്, ഐക്യരാഷ്ട്ര സംഘടനയും ആഗോള സാങ്കേതിക വിദ്യാ കമ്പനികളും പാശ്ചാത്യ സർക്കാരുകളും മൂന്നാം ലോക ദരിദ്ര രാജ്യങ്ങളെ ഇന്റർനെറ്റ് ശൃംഖലയിൽ ഉൾപ്പെടുത്താൻ ത്വരിത പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു.

ഭൂമുഖത്തുള്ള ഓരോ മനുഷ്യനും ലോകത്തെ മുഴുവൻ ബന്ധിപ്പിക്കുന്ന ഒരു ശൃംഖലയുമായി കോർത്തിണക്കണമെന്ന ആശയത്തോട് ലോക സർക്കാരുകളും സ്വകാര്യ വ്യാപാര സംരംഭങ്ങളും പൂർണ്ണമായും സമർപ്പിക്കപ്പെട്ടിരിക്കുന്നു. ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള രണ്ടു രാജ്യങ്ങളായ ഇന്ത്യയും ചൈനയും ഈ കാര്യം പ്രാവർത്തികമാക്കുന്നതിൽ ഏറ്റവും നൂതനമായ സംവിധാനങ്ങൾ ഉപയോഗിച്ചു വരുന്നു. യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വാൻ ഡേർ ലേയെൻ, ജി 20 ഉച്ചകോടിയുടെ 'ഒരു ഭാവി' എന്ന സമ്മേളനത്തിൽ വർധിച്ച ആഗോള സഹകരണത്തിനു വേണ്ടിയും കേന്ദ്രീകരണത്തിനുവേണ്ടിയും വാദിച്ചു. നിർമ്മിത ബുദ്ധിയ്ക്കും അംഗുലി തിരിച്ചറിയൽ സംവിധാനങ്ങൾക്കും വേണ്ടി, കൊറോണ വിഷാണു കുത്തിവയ്പ്പ് പാസ്പോർട്ടിന് സമാനമായ ഒരു അന്താരാഷ്ട്ര കാര്യ നിർവാഹണ സംഘത്തിന്റെ രൂപീകരണത്തിനായി അവർ ശബ്ദമുയർത്തി. പ്രോഫസി ന്യൂസിന്റെ വെബ് സൈറ്റിൽ വന്ന ഒരു ലേഖനത്തിൽ 100 രാജ്യങ്ങൾ ഡിജിറ്റൽ നാണയ വ്യവസ്ഥയുടെ സാധ്യത ആരായുന്നു എന്ന് പറയുന്നു. 'ഈ സംവിധാനത്തിന്റെ ഒരു പ്രത്യേകത പണത്തിനു പകരം ഡിജിറ്റൽ സംവിധാനം ഉപയോഗിക്കുകയും, ഓരോ ഇടപാടും ആഗോള വിവര സംവിധാനവുമായി ബന്ധിക്കപ്പെട്ടിരിക്കുന്ന ശൃംഖലയിലൂടെ കടന്നുപോവുകയും ചെയ്യുന്നു. ഈ സംവിധാനം ഉപയോക്താവിന്റെ അക്കൗണ്ടിൽനിന്ന് പണം പിൻവലിച്ച് ഓൺലൈനിലോ അല്ലെങ്കിൽ കടകളിലോ ചെറിയതോ വലിയതോ ആയ ഇടപാട് നടത്താൻ അനുവദിക്കുന്നു. മുദ്ര എല്ലാ തരത്തിലുമുള്ള വിൽപ്പനയും വാങ്ങലും നിർവഹിക്കുകയും നിരീക്ഷിക്കുകയും ചെയ്യുന്നു.

ഈ രൂപത്തിലുള്ള പണം സർക്കാരിനും നിയമപാലക സംഘങ്ങൾക്കും ഗുണം ചെയ്യും. കുറ്റകരമായ കള്ളപ്പണം വെളുപ്പിക്കൽ, മയക്കുമരുന്നുകടത്തൽ, നികുതി വെട്ടിപ്പ് എന്നിവ തടയാനുള്ള മാർഗ്ഗമാണിത്. സർക്കാരിനും

അതിന്റെ സംവിധാനത്തിനും വിധേയപ്പെടാത്തവരെ അല്ലെങ്കിൽ അവയെ ചോദ്യം ചെയ്യുന്നവരെ റദ്ദാക്കാനും ഈ സംവിധാനത്തിൽ നിന്ന് പുറത്താക്കാനും ഇത് വഴിയൊരുക്കുന്നു. അതിന്റെ ഫലമായി അവർക്ക് വിൽക്കാനും വാങ്ങാനും കഴിയുകയില്ല. അവർ സാമൂഹികമായി പുറന്തള്ളപ്പെടുന്നു. ചൈനീസ് സംവിധാനമായ 'ക്രെഡിറ്റ് സ്കോറിൽ' ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു. അഗസ്റ്റിൻ കാർസ്റ്റെൻസ്, സ്വിറ്റ്സർലൻഡിലെ ജനീവയിലെ ബാങ്ക് ഓഫ് ഇന്റർനാഷണൽ സെറ്റ്ൽമെൻറ്സിന്റെ മാനേജരാണ്. ഇത് ലോകത്തിന്റെ കേന്ദ്രബാങ്കാണ്. ഈ ബാങ്കാണ് മറ്റു കേന്ദ്രബാങ്കുകളെ നിയന്ത്രിക്കുന്നത്. അദ്ദേഹം പറയുന്നു, 'പണത്തിനുപകരമായി അംഗുലിനാണയം നടപ്പിലാക്കാൻ പൂർണ്ണമായ ഉദ്ദേശ്യമുണ്ട്.' കാർസ്റ്റെൻസ് പറയുന്നു, 'ആരെയും എവിടെ വേണമെങ്കിലും എപ്പോൾ വേണമെങ്കിലും നിരീക്ഷിക്കാനും, ആളുകൾ എന്തിനുവേണ്ടിയാണ് പണം ചെലവഴിക്കുന്നതെന്ന് അറിയാനും ഇത് സാധ്യമാക്കുന്നു.'

ഈ സാഹചര്യത്തിൽ എത്തണമെങ്കിൽ രണ്ടു കാര്യങ്ങൾ സംഭവിക്കണം:

• ആദ്യമായി, എല്ലാവർക്കും ഒരു ഡിജിറ്റൽ തിരിച്ചറിയൽ ആവശ്യമാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എല്ലാവരും ഡിജിറ്റൽ തിരിച്ചറിയൽ സംവിധാനത്തിന് ഉള്ളിൽ ആയിരിക്കണം. അതിൽ ഓരോ വ്യക്തിയുടെയും വിവരങ്ങൾ (സർക്കാർ ഐഡി നമ്പർ, സാമൂഹിക സുരക്ഷ നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ തുടങ്ങിയവ) സൂക്ഷിച്ചിരിക്കുന്നു.

• വിവരങ്ങൾ പങ്കുവയ്ക്കുന്ന സംവിധാനങ്ങളെ പൂർണ്ണമായും നിയന്ത്രിക്കും, അത് ടിവിയിലെയും ഇന്റർനെറ്റിലെയും, എല്ലാ വെബ്സൈറ്റുകളിലെയും വൈകുന്നേരത്തെ വാർത്ത ആയിക്കോട്ടേ, ഈ മേഖലയിൽ നിയന്ത്രണം ആവശ്യമാണ്. അതിനാൽ, "തെറ്റായ വിവരം" പുറത്തുപോകില്ല. "ശരിയായ വിവരം" മാത്രമേ പോസ്റ്റ് ചെയ്യപ്പെടൂ.

## ഇത് മൃഗമുദ്ര സംവിധാനത്തിലേക്ക് നയിക്കുമോ?

അപ്പൊസ്തലനായ യോഹന്നാൻ വെളിപ്പാട് പുസ്തകം എഴുതിയ കാലഘട്ടത്തിൽ വിൽക്കലും വാങ്ങലും നാണയങ്ങൾ കൈമാറിയോ അല്ലെങ്കിൽ സാധനങ്ങൾ പരസ്പരം കൈമാറിയോ നടത്തിയിരുന്നു. ഇവിടെ നാം വിശദീകരിച്ച, സാങ്കേതിക വിദ്യയുടെ ആശയം ആ സമയത്ത് അചിന്തനീയമായിരുന്നു; ആധുനിക കാലത്തിനാണ് അത് യോജിക്കുന്നത്. ഈ വ്യത്യാസം ഉണ്ടാക്കിയത് സാങ്കേതിക വിദ്യയുടെ അഭൂതപൂർവ്വമായ വികസനമാണ്. ദാനിയേലിന്റെ പുസ്തകത്തിലും ചില പ്രവചനങ്ങളുണ്ട്, അന്ത്യകാലത്ത് ***'പലരും അതിനെ പരിശോധിക്കയും ജ്ഞാനം വർദ്ധിക്കുകയും ചെയ്യും'*** ദാനി. 12:4.

അടുത്ത ചോദ്യം, ഇത്രയധികം വിവരം ഏത് അർത്ഥത്തിലാണ് കൈകാര്യം ചെയ്യുന്നത്? ഒരു ശതകോടി ഉദ്യോഗസ്ഥന്മാരുടെ സൈന്യത്തിനോ സർക്കാർ നിരീക്ഷകർക്കോ ഇത് കൈകാര്യം ചെയ്യാൻ ആവില്ല. എന്നാൽ നിർമ്മിത ബുദ്ധിയുടെ ഉദയം എല്ലാം മാറ്റിമറിച്ചു. വിവരങ്ങൾ വേർതിരിക്കാനും അന്തിമ നിർണ്ണയത്തിൽ എത്താനും നിർമ്മിത ബുദ്ധിയ്ക്ക് (AI) കഴിയും.

ഒരു മനുഷ്യ അവബോധത്തിൽ നിർമ്മിത ബുദ്ധിയ്ക്ക് ബുദ്ധിയില്ല. അതിന് ആത്മാവബോധമോ, ബോധമോ ഇല്ല. അതിന്റെ ക്രമീകരണങ്ങളുടെ അടിസ്ഥാനത്തിൽ അത് അന്തിമ നിർണ്ണയത്തിൽ എത്തുന്നു. പള്ളിയിൽ പോകുന്നത് സംശയാസ്പദമായ പ്രവൃത്തിയാണെന്ന് ക്രമീകരണം നടത്തുന്നവർ



തീരുമാനിച്ചാൽ, അത് പള്ളിയിൽ പോകുന്നവരെ പ്രത്യേകം വീക്ഷിക്കും. ലോകത്തിലെ വിവരങ്ങളെ പരസ്പരം ബന്ധിപ്പിക്കാൻ കമ്പ്യൂട്ടറുകളെ അനുവദിക്കുന്നതിന് പരിപാടിക്കാർ നടപടിക്രമങ്ങൾ സൃഷ്ടിക്കുന്നു. ഒരു വ്യക്തി അനുവദിക്കപ്പെട്ടതിലും അധികം വെള്ളം ഉപയോഗിക്കുന്നോ അതോ കൂടുതൽ ഇന്ധനം വാങ്ങുന്നോ എന്നൊക്കെ കമ്പ്യൂട്ടർ നിർണ്ണയിക്കും. നിർമ്മിതബുദ്ധി ക്രമീകരണക്കാർക്ക് ഒരു വ്യക്തിയുടെ മുഖഭാവങ്ങളും ശരീര ഭാഷയും പരിശോധിച്ച് ഒരു മനുഷ്യന്റെ മാനസികാവസ്ഥ ഇതിനകം മനസ്സിലാക്കാൻ കഴിയും. നിയമപാലക വിദഗ്ധർ വിശ്വസിക്കുന്നത് ആരെങ്കിലും കവർച്ച നടത്താൻ പദ്ധതിയിടുന്നത് എപ്പോഴാണെന്ന് അവർക്ക് ഉടൻതന്നെ പറയാൻ കഴിയുമെന്നാണ്. 2021-ലെ വേനൽക്കാലത്ത്, ആഗോള വിവര ആധിപത്യ പരീക്ഷണം എന്ന പേരുള്ള ഒരു വിലയിരുത്തൽ പരമ്പര പെന്റഗൺ പ്രഖ്യാപിച്ചു. യുദ്ധ ഭൂമിയെ 'ദിവസങ്ങൾക്ക് മുമ്പ്' കാണുവാൻ, അവരുടെ അതിശയകരമായ വിവര ശേഖരണ കഴിവുകൾക്കൊപ്പം നിർമ്മിതബുദ്ധിയെ ഉപയോഗിക്കാൻ കഴിയുമെന്ന് അവർ വിശ്വസിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഭാവി കാണുവാൻ നിർമ്മിത ബുദ്ധി അവരെ അധികം താമസിയാതെ അനുവദിക്കുമെന്ന് അവർ ചിന്തിക്കുന്നു.'

നിർമ്മിത ബുദ്ധിയ്ക്ക് ക്ഷണത്തിൽ ഓരോ പുസ്തകത്തിന്റെയും ഉള്ളടക്കം പരിശോധിക്കാനാകും. ഓൺലൈനിൽ പോസ്റ്റ് ചെയ്യുന്ന ഓരോ സന്ദേശവും കേൾക്കാനാകും. നിങ്ങളുടെ അഭിപ്രായം അല്ലെങ്കിൽ പ്രസ്താവന നിരോധിക്കണമെന്നോ, അല്ലെങ്കിൽ അപകടകരമെന്നോ, അല്ലെങ്കിൽ വെറുപ്പുളവാക്കുന്നതോ എന്ന് മുദ്രകുത്തണമെന്ന് പെട്ടെന്ന് അതിന് തിരിച്ചറിയാനാകും. നിങ്ങൾ വലത് പക്ഷമോ അതോ ഇടത്പക്ഷമോ സ്വവർഗ്ഗാനുരാഗ വിരുദ്ധനോ അതോ അനുകൂലിയോ, യാഥാസ്ഥിതിക ക്രൈസ്തവനോ അതോ നിരീശ്വരവാദിയോ? നിങ്ങളുടെ ഓൺലൈൻ പോസ്റ്റുകൾ, ചിത്രങ്ങൾ, വ്യക്തിപരമായ സന്ദേശങ്ങൾ, വീഡിയോകൾ, വാങ്ങലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഏതാനും നിമിഷങ്ങൾക്കുള്ളിൽ ഇത് നിർമ്മിതബുദ്ധിയ്ക്ക് നിർണ്ണയിക്കാനാകും. നിർമ്മിതബുദ്ധി ആഗോളഭരണം അടിച്ചേൽപ്പിക്കാനുള്ള ആത്യന്തികമായ ഉപകരണമാകും. മൃഗത്തിന്റെ മുദ്ര എല്ലാ വിവരങ്ങളെയും കേന്ദ്രീകൃതമാക്കും. അതിന്റെ നിർമ്മിത ബുദ്ധി ഉപയോഗിച്ച് വിവരങ്ങളെ പരസ്പരം ബന്ധിപ്പിക്കുകയും അന്തിമ നിർണ്ണയത്തിൽ എത്തുകയും ചെയ്യും.... എതിർ ക്രിസ്തുവിന്റെ സമയത്ത് നിർമ്മിതബുദ്ധി കമ്പ്യൂട്ടറുകൾ ലോകത്തിലെ സാമ്പത്തിക ഇടപാടുകൾ നിരീക്ഷിക്കും. നിയമങ്ങൾ നടപ്പിലാക്കാൻ നിർമ്മിതബുദ്ധി യന്ത്രമനുഷ്യരുടെ ഒരു സൈന്യം തന്നെയുണ്ടാകും. എല്ലാവരെയും നിയന്ത്രിക്കാൻ ജനസംഖ്യയുടെ ഒരു ചെറിയ ഭാഗത്തെ ഇത് അനുവദിക്കും. ആത്യന്തികമായി ഇത് നിയന്ത്രണമാണ് — സൗകര്യമല്ല, ക്രിയാത്മകതയല്ല, ജനാധിപത്യവുമല്ല — അത് നിയന്ത്രണമാണ്. പുറം 198-201.

**പുറത്തു കടക്കുവാൻ വഴിയുണ്ടോ?**

ഇതെല്ലാം ഭീതി ഉളവാക്കുന്നതാണ്. എന്നാൽ നാം കുലുങ്ങാനോ നിരാശയിൽ അകപ്പെടാനോ ദൈവം ആഗ്രഹിക്കുന്നില്ല. യേശു പറഞ്ഞു, ***'നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകരുതു; ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ'*** (യോഹ.14:1). നമുക്ക് ഈ കാര്യം ചെയ്യാൻ പറ്റും. നമുക്ക് അവിടുത്തെ വിശ്വസിക്കാൻ കഴിയും, അവന്റെ വചനത്തിൽ വിശ്വസിക്കാനാകും. നാം കലങ്ങിപ്പോകരുത്, കാരണം, ദൈവത്തിൽ നിന്നാണ് ആത്യന്തിക മായ നിർണ്ണയം വരുന്നത്.

എതിർക്രിസ്തുവിന്റെ നിയന്ത്രണ സംവിധാനം എന്നെന്നേക്കുമായി നിലനിൽക്കില്ല. യഥാർത്ഥത്തിൽ, ഈ പദ്ധതിയിൽ, കാര്യങ്ങൾ ഹ്രസ്വമായിരിക്കും. വെളിപ്പാട് പുസ്തക പ്രകാരം, പരമാവധി ഏഴു വർഷമേ മൃഗത്തിന് അധികാരം ഉണ്ടാകൂ. അവൻ അധികാരം പിടിച്ചെടുക്കാൻ ഉയർന്നുവരും, മഹോപദ്രവ കാലത്തിന്റെ ആദ്യത്തെ മൂന്നരവർഷത്തിൽ അവൻ രാജ്യങ്ങളെ പിടിച്ചടക്കും. മഹോപദ്രവത്തിന്റെ മധ്യത്തിൽ അവൻ തന്റെ അധികാരത്തിന്റെ പാരമ്യത്തിൽ എത്തും (വെളി. 13:5). ആ സമയത്താണ് അവൻ മൃഗത്തിന്റെ മുദ്രയുടെ സംവിധാനം സ്ഥാപിക്കുന്നത്. അതിനുശേഷം, ദൈവം തന്റെ ക്രോധം മൃഗത്തിന്മേലും അവന്റെ സംവിധാനത്തിന്മേലും ചൊരിയും. അതിന്റെ പാരമ്യം ഹർമ്മഗെദ്ദോനിലാണ്. അപ്പോൾ കർത്താവായ യേശു ആളത്വത്തിൽ മടങ്ങിവരും. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, എതിർ ക്രിസ്തുവിന്റെ സംവിധാനം മാനവരാശിയുടെ പരിഹാരമല്ല. വെളിപ്പാട് 18-ൽ പറഞ്ഞിരിക്കുന്ന ബാബിലോൻ ലോക സംവിധാനത്തിന്റെ നാശത്തോടെ, അവസാനം അത് തകർന്നു വീഴും.

സത്യം എന്താണെന്നുവെച്ചാൽ, 1900 വർഷങ്ങൾക്ക് മുൻപ് എഴുതപ്പെട്ട വെളിപ്പാട് പുസ്തകത്തിലെ ഈ സംഭവങ്ങളെപ്പറ്റി ദൈവം നമുക്ക് മുന്നറിയിപ്പ് തരുന്നതിന്റെ അർത്ഥം, ദൈവം ഇതും നിയന്ത്രിക്കുന്നു എന്നാണ്. എതിർ ക്രിസ്തുവിന്റെ വരവും മൃഗത്തിന്റെ മുദ്രയുടെ സംവിധാനവും യഥാർത്ഥത്തിൽ, സാത്താന്റെ രാജ്യം അവസാനിപ്പിച്ച് അവനെയും കള്ള പ്രവാചകനെയും നരകത്തിൽ എറിയാൻ കർത്താവായ യേശു വരുന്നതിന് മുൻപുള്ള അവന്റെ അവസാനത്തെ തുറുപ്പു ചീട്ടാണ് (വെളി. 19:17-20). അപ്പോൾ യേശു തന്റെ അധികാരം ഏറ്റെടുത്ത് ഭൂമിയിലെ സഹസ്രാബ്ദ അല്ലെങ്കിൽ മശിഹൈക രാജ്യത്തിൽ വാഴും (വെളി. 19-20). ഈ കാലയളവിൽ സാത്താനെ ബന്ധിച്ച് അഗാധത്തിൽ തള്ളിയിടും. രാജ്യങ്ങളെ വഞ്ചിക്കാൻ അവന് കഴിയാതെവരും. കർത്താവ് വാഴുമ്പോൾ താൻ ദൈവത്തിന്റെ നല്ല പുതു ലോകക്രമം കൊണ്ടുവരും. അതിൽ പ്രവേശിക്കുന്നവർ അവിടെ സമാധാനവും ന്യായവും സമൃദ്ധിയും അനുഭവിക്കും. ഏതാണ്ടൊരു ഘട്ടത്തിൽ, കർത്താവായ യേശു ആളത്വത്തിൽ ഭൂമിയിലേക്ക് മടങ്ങിവരുന്നതിന് മുൻപ്, സുവിശേഷത്തിൽ വിശ്വസിക്കുന്ന വിശ്വാസികളെ അമാനുഷികമായ രീതിയിൽ അവിടുന്ന് ഭൂമിയിൽനിന്ന് മാറ്റും. സഭയുടെ ഉൽപ്രാപണം എന്ന് ഈ സംഭവത്തെ വിളിക്കുന്നു( 1 തെസ്സ. 4:13-18).

***'കർത്താവു താൻ ഗംഭീര നാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള***

*ത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങി വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും. ഈ വചനങ്ങളെക്കൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു കൊൾവിൻ'*

തോമസ് ഹ്യുഗസിന്റെ വീക്ഷണം മഹോപദ്രവത്തിന് മുൻപ് ഇത് സംഭവിക്കുമെന്നാണ് (മറ്റൊരു വിധത്തിൽ പറഞ്ഞാൽ മഹോപദ്രവ പൂർവ്വ ഉൽപ്രാപണം). അതിന്റെ അർത്ഥം എടുക്കപ്പെട്ടവർ മൃഗത്തിന്റെ മുദ്രയുടെ സംവിധാനത്തിന്റെ ഭീകരതയിൽ നിന്ന് രക്ഷപ്പെടുമെന്നാണ്. എന്നിരുന്നാലും, ഈ സംവിധാനത്തിന്റെ ഒരുക്കങ്ങൾ നാം കാണും, ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്നു. അതൊക്കെ അദ്ദേഹം തന്റെ 'മുദ്രയേൽക്കുന്ന ജനങ്ങൾ' എന്ന പുസ്തകത്തിൽ ഭംഗിയായി വിശദമാക്കുന്നു. ഇതിന്റെ മറ്റൊരു വ്യാഖ്യാനം, ഉൽപ്രാപണം മഹോപദ്രവത്തിന്റെ അവസാനത്തിൽ അല്ലെങ്കിൽ മധ്യത്തിൽ സംഭവിക്കുമെന്നാണ്. നമ്മുടെ വീക്ഷണം എന്തുതന്നെ ആയാലും, എതിർ ക്രിസ്തുവിന്റെ മൃഗ മുദ്രയുടെ സംവിധാനത്തിന്റെ പ്രവണതകൾ നാം ചെറുക്കണം. ആ സമയത്ത് നാം ജീവിച്ചിരിപ്പുണ്ടെങ്കിൽ, അത് സംഭവിക്കുമ്പോൾ ഒരു കാരണവശാലും മുദ്ര ഏൽക്കരുതെന്ന് നാം തീരുമാനിക്കണം (വെളി. 14).

നിങ്ങൾ ബൈബിളിലും സുവിശേഷത്തിന്റെ സന്ദേശത്തിലും വിശ്വസിക്കുന്നില്ലെങ്കിൽ, തിരിഞ്ഞുവന്ന് തന്നെ സ്വീകരിക്കാനുള്ള സമയം ഇതാണ്:

*'എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്നു മനുഷ്യരോടു കല്പിക്കുന്നു. താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു അവനെ മരിച്ചവരിൽ നിന്നു ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പു നല്കിയുമിരിക്കുന്നു'* (അപ്പൊ. 17:30-31).

തന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും നിത്യജീവൻ നൽകാൻ മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റവനാണ് യേശു. നീതിയിൽ ലോകത്തെ ന്യായം വിധിക്കാൻ വീണ്ടും വരുന്നത് അവിടുന്നാണ്. അവൻ നമ്മോട് പറയുന്നു : *"കാലം തികഞ്ഞു ദൈവരാജ്യം സമീപിച്ചിരിക്കുന്നു. മാനസാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ"* മർക്കൊ. 1:15.

ഇപ്പോൾ ഇത് നിങ്ങൾ വിശ്വസിക്കുന്നില്ലെങ്കിൽ, നിങ്ങൾ വിശ്വസിച്ചാലും ഇല്ലെങ്കിലും ഈ കാര്യങ്ങൾ ഒക്കെ സംഭവിക്കുമെന്ന് ദയവായി മനസ്സിലാക്കുക. അവ സംഭവിക്കുമ്പോൾ, ഈ കാര്യങ്ങളെപ്പറ്റി ഞങ്ങൾ നിങ്ങളോട് പറഞ്ഞിരുന്നു എന്ന് ഓർക്കുക. യേശു നിങ്ങളോട് പറഞ്ഞത് ചെയ്യുക, മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക. തന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെട്ട് തന്റെ നിത്യത സ്വർഗ്ഗത്തിൽ ചെലവഴിക്കും. അത് ചെയ്യാത്തവർ, രക്ഷപ്രാപിക്കുകയില്ല. അവർ നരകത്തിൽ ദൈവത്തിൽ നിന്ന് നിത്യമായ വേർപാട് അഭിമുഖീകരിക്കും. തീരുമാനം നിങ്ങളുടേതാണ്..*

# അറുപതുകളിൽ നിന്ന്

## എങ്ങനെയാണ് ടോണി പിയേഴ്സ് യേശു ക്രിസ്തുവിൽ വിശ്വാസം കണ്ടെത്തിയതെന്ന്

'ഈ സാഹചര്യം നമ്മെ യുദ്ധത്തിന്റെ വക്കോളം എത്തിക്കുന്നു. നാം മൂന്നാം ലോക മഹായുദ്ധത്തിന്റെ വക്കിലാണ്.'



ആ ആണ്ട് 1962 - ൽ ആണ്. സ്ഥലം ബെഡ്ഫോർഡ് വിദ്യാലയത്തിലെ ഒരു ക്ലാസ്മുറി. സോവിയറ്റ് യൂണിയൻ ക്യൂബയിൽ ആണവ മിസൈൽ സ്ഥാപിക്കാൻ താല്പര്യം പ്രകടിപ്പിച്ചപ്പോൾ അമേരിക്കയും സോവിയറ്റ് യൂണിയനും നേർക്കുനേർ വന്ന ക്യൂബൻ മിസൈൽ പ്രതിസന്ധിയാണ് ഇവിടെ സൂചിപ്പിച്ച സംഭവം. എനിക്ക് അപ്പോൾ 16 വയസ് പ്രായമുണ്ട്. ഞാൻ ഹൈസ്കൂളിൽ പഠിക്കുകയായിരുന്നു. ഞങ്ങൾ അപ്പോൾ 'ലോക വിഷയങ്ങൾ' എന്ന പാഠമാണ് പഠിക്കുന്നത്. ഞങ്ങളുടെ അധ്യാപകൻ ശ്രീമാൻ എയർ, ക്ലാസിൽ വന്ന് നാടകീയമായ ഒരു പ്രഖ്യാപനത്തോടെ തന്റെ വിഷയം പഠിപ്പിക്കാൻ തുടങ്ങി.

ഞാൻ അവിടെയിരുന്ന് അത് കേട്ടപ്പോൾ എന്റെ മനസ്സ് ചിന്തകൾ കൊണ്ടുനിറഞ്ഞു. യഥാർത്ഥത്തിൽ ആണവ യുദ്ധം ഉണ്ടാകുമോ? അങ്ങനെയെങ്കിൽ രക്ഷപ്പെടാൻ എന്തെങ്കിലും സാദ്ധ്യത ഉണ്ടോ? എന്തൊരു ഭ്രാന്തൻ ലോകമാണിത്? അതിലെ മാനവരാശിയുടെ സകല ഭാവിയും ഒരു ചെറിയകൂട്ടം രാഷ്ട്രീയ നേതാക്കൾ തീരുമാനിക്കുന്നു. അതിൽ എന്നെപ്പോലെയുള്ള സാധാരണക്കാർക്ക് ഒരു പങ്കുമില്ല. ഞാൻ അറിയാത്ത ഒരാൾ ബട്ടൺ അമർത്തി നിമിഷങ്ങൾക്കകം ഞങ്ങളെ ചുട്ടുകരിക്കാമെങ്കിൽ പരീക്ഷ എഴുതി വിജയിച്ച് ലോകത്തിലേക്കിറങ്ങാൻ ഞാൻ ഈ പഠിക്കുന്നതിന്റെ അർത്ഥമെന്താണ്. എല്ലാറ്റിനുമുപരി അത് തടയാൻ എന്തുചെയ്യണം?

ആ നിമിഷം മുതൽ എന്റെ ചിന്തയിൽ ഒരു മാറ്റം വന്നു. അന്ത്യ ന്യായവിധി ദിനത്തിന്റെ സാധ്യത എന്റെ മനസ്സിൽ പ്രവേശിച്ചു. എന്റെ ഭാവിക്ക് വലിയ ഭീഷണിയായി മാറിയ ഈ ലോകത്തിൽ ഏതെങ്കിലും മാർഗ്ഗത്തിൽ അർത്ഥം കണ്ടെത്താനാകുമോയെന്ന് ഞാൻ പരതാൻ തുടങ്ങി. രണ്ടു ചിന്തകൾ എന്നിൽ വേരോടാൻ തുടങ്ങി — ജീവിതം പരമാവധി ആസ്വദിക്കുക, ലോകത്തെ മാറ്റാൻ ശ്രമിക്കുക. അതിന്റെ അനന്തരഫലം എന്നെ അറുപതുകളിലെ വിപരീത സംസ്കാരത്തിലേക്ക് തള്ളിവിട്ടു. വേനൽക്കാലത്തിലെ അവധിക്ക് ഞാൻ യൂറോപ്പ് മുഴുവനും, അതിനപ്പുറവും കിട്ടുന്ന വാഹനത്തിൽ കയറി സൗജന്യമായി ഉല്ലാസയാത്ര ചെയ്തു. ഒരു വർഷം തുർക്കിയിലെ ഇസ്താമ്പുൾ വരെയും

അടുത്തവർഷം മൊറോക്കോയിലെ ടാങ്കിർവരെയും ഞാൻ ഉല്ലാസയാത്ര നടത്തി. ഞാൻ ബീറ്റിൽസിന്റെയും ബോബ് ഡൈലന്റെയും സംഗീതം ശ്രവിച്ചു. 'നിങ്ങൾക്ക് ആവശ്യമുള്ളത് സ്നേഹമാണെന്നും' 'കാലംമാറുകയാണെന്നും' ഉള്ള അവരുടെ വരികളോട് ഞാൻ യോജിച്ചു. അനീതിയും യുദ്ധവും ഇല്ലാത്ത ലോകത്തിലേക്കുള്ള പുതിയ പാത എന്നെ സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സോഷ്യലിസത്തിന്റെയും വാഗ്ദാനം കാട്ടി മാടിവിളിച്ചു.

1967 ആയപ്പോഴേക്കും ഞാൻ കേംബ്രിഡ്ജ് സർവ്വകലാശാലയിൽ ആധുനിക ഭാഷകൾ (ഫ്രഞ്ച്, ജർമൻ) പഠിക്കുകയാണ്. ജീവിതത്തിന് യഥാർത്ഥത്തിൽ ഒരു അർത്ഥവും ഇല്ലെന്ന നിരാശയുളവാക്കുന്ന നിർണ്ണയത്തിലേക്ക് അവരുടെ തത്വശാസ്ത്രം നയിച്ചെങ്കിലും, ഫ്രഞ്ച് അസ്തിത്വവാദ എഴുത്തുകാരായ ജീൻ പോൾ സാത്രെയും ആൽബർട്ട് കാമുവും എന്റെ ചിന്താരീതിയെ ആകർഷിച്ചു. അതുപോലെ, ഞാൻ കുറച്ചു കാലം ജർമ്മനിയിൽ ചിലവഴിച്ചു. ഞാൻ താമസിച്ചത് ഒരു ജർമൻ കുടുംബത്തോടൊപ്പമായിരുന്നു. അവിടെ ആയിരുന്നപ്പോൾ, എന്റെ മനസ്സിലേക്ക് ഒരു വലിയ ചോദ്യം കടന്നുവന്നു, 'വളരെ സാധാരണക്കാരെപ്പോലെ തോന്നിക്കുന്ന ഞങ്ങളിൽ നിന്ന് വ്യത്യാസം ഒന്നുമില്ലാത്ത ഈ മനുഷ്യർക്ക് പൈശാചികനായ ഹിറ്റ്ലറെ പിൻതുടരാൻ എങ്ങനെ കഴിഞ്ഞു?' ഈ ചോദ്യം എന്റെ ആതിഥേയരോട് ചോദിച്ചപ്പോൾ, കുടുംബത്തിലെ മാതാവ് എന്നോട് പറഞ്ഞു. 'ഹിറ്റ്ലറിന്റെ റാലിയിൽ പങ്കെടുത്ത് അയാളുടെ കണ്ണുകളിൽ നിന്ന് വരുന്ന ശക്തി അനുഭവിക്കുന്നത് എന്താണെന്ന് നിനക്ക് അറിഞ്ഞുകൂടാ, എന്തായിരിക്കും ആ ശക്തി? ഞാൻ അത്ഭുതപ്പെട്ടു. ലോകത്തിൽ പ്രശ്നം വിതയ്ക്കുന്ന അമാനുഷികമായ ഒരു പൈശാചിക (സാത്താൻ) ശക്തി യഥാർത്ഥത്തിൽ ഉണ്ടോ?

നാസി ജർമ്മനിയെപ്പറ്റിയുള്ള ഒരു ചോദ്യം എന്റെ മനസ്സിനെ മഥിച്ച മറ്റൊരു ചോദ്യം ഉയർത്തി. എന്തുകൊണ്ടാണ് ജനങ്ങൾ യെഹൂദരെ ഒറ്റപ്പെടുത്തുന്നത്? എന്തുകൊണ്ടാണ് ഇക്കൂട്ടർ മറ്റുള്ളവരിൽ ഇത്രയും വെറുപ്പ് ഉളവാക്കുന്നത്? വിദ്യാലയത്തിലും കലാലയത്തിലും എനിക്ക് യെഹൂദ സുഹൃത്തുക്കൾ ഉണ്ടായിരുന്നു. എനിക്ക് അവരോട് അനുകമ്പയുണ്ടായിരുന്നു. ആധുനിക യിസ്രായേൽ രാഷ്ട്രം എന്നെ വിസ്മയം കൊള്ളിച്ചിരുന്നു. 1967 മെയ് മാസം ഞാൻ രണ്ടാം വർഷ പരീക്ഷയ്ക്ക് വേണ്ടി തയ്യാറാകുമ്പോഴാണ് അറബി സൈന്യം യിസ്രായേലിന്റെ അതിർത്തിയിൽ തമ്പടിക്കുന്നു എന്ന വാർത്ത വന്നത്. യിസ്രായേലിനെതിരായി യുദ്ധം ഉണ്ടാകുമെന്ന് ദിനപത്രങ്ങൾ മുൻകൂട്ടി പറയുന്നുണ്ടായിരുന്നു. യെഹൂദരെ കടലിൽ തള്ളുമെന്ന് ഈജിപ്റ്റ് പ്രസിഡന്റ് നാസർ ഭീഷണിമുഴക്കി. ഈ വിഷയത്തെ ഞാൻ ആഴമായി പരിശോധിച്ചു. എനിക്ക് നിർവചിക്കാൻ ആകാത്ത കാരണം മൂലം, യിസ്രായേലിനെ സഹായിക്കാൻ എനിക്ക് ആഗ്രഹമുണ്ടായി. ഒരു ദിവസം ഞാൻ കിട്ടിയ വാഹനത്തിൽ സൗജന്യമായി യാത്ര ചെയ്ത് ലണ്ടനിൽ എത്തി. ഒരു യിസ്രായേലി സംഘടന സന്ദർശിച്ചു യുദ്ധമുണ്ടായാൽ യിസ്രായേലിനെ സഹായിക്കാൻ ഞാൻ സന്നദ്ധമാണെന്ന് പറഞ്ഞു. എന്റെ ഈ ആശയം കേട്ട് എന്റെ മാതാപിതാക്കൾ ഭയചകിതരായെന്ന് മനസ്സിലായി. ജൂൺ മാസത്തിൽ യഥാർത്ഥത്തിൽ യുദ്ധം ഉണ്ടായി. എന്റെ സഹായം ഒന്നുമില്ലാതെ ആറു ദിവസം കൊണ്ട് യിസ്രായേൽ യുദ്ധത്തിൽ നല്ല പ്രകടനം കാഴ്ചവച്ചു. യിസ്രായേലികൾ യെരൂശലേമിൽ പ്രവേശിച്ചപ്പോൾ എന്തോ സുപ്രധാനമായത് സംഭവിച്ചു

എന്ന് ഞാൻ അറിഞ്ഞു. എന്നാൽ, അത് എന്തുകൊണ്ടാണെന്ന് എനിക്ക് അറിയില്ലായിരുന്നു.

1969-ൽ ഞാൻ പഠനം പൂർത്തിയാക്കി ഒരു അദ്ധ്യാപകനായി ജോലിചെയ്തു തുടങ്ങി. കേംബ്രിഡ്ജിൽ അവസാന വർഷം ഞാൻ കോഴ്സിൽ മാറ്റം വരുത്തി ഇംഗ്ലീഷിൽ ബിരുദം നേടി. നോട്ടിങ്ങാംഷയറിൽ റെറ്റ്ഫോർഡിൽ ഒരു ഗ്രാമർ സ്കൂളിൽ അധ്യാപകനായി ഞാൻ പ്രവേശിച്ചു. സത്യം പറയട്ടെ, റെറ്റ്ഫോർഡ് ലോകത്തിലെ ഏറ്റവും നല്ല സ്ഥലമാണെന്ന് എനിക്ക് തോന്നിയില്ല. ആ പട്ടണത്തിൽ എനിക്ക് ആരെയും പരിചയമില്ലായിരുന്നു. ഞാൻ തീർത്തും ഏകനായി. എന്നാൽ എനിക്ക് വളരെയേറെ ജോലിയുണ്ടായിരുന്നു. പാഠങ്ങൾ തയ്യാറാക്കുക, നോട്ട് ബുക്കുകൾ പരിശോധിക്കുക തുടങ്ങിയ തിരക്കുകൾ മൂലം ജോലിയല്ലാതെ മറ്റൊന്നും ചെയ്യാൻ എനിക്ക് സമയം ലഭിച്ചിരുന്നില്ല.

ഞാൻ ഒരു ഹൈസ്കൂളിൽ മുതിർന്ന കുട്ടികളെ പഠിപ്പിക്കുകയായിരുന്നു. എന്റെ താല്പര്യങ്ങൾ പ്രകടിപ്പിക്കാൻ ഞാൻ ക്ലാസ്സുപയോഗിച്ചു. അതായത്, മാർക്സിസ്റ്റ് തത്വശാസ്ത്രം കുട്ടികളിൽ കുത്തിവയ്ക്കാൻ ഞാൻ പാഠങ്ങൾ ഉപയോഗിച്ചു. എന്നാൽ, എന്റെ ആശയത്തിനെ എതിർക്കുന്ന രണ്ട് ആൺകുട്ടികൾ ക്ലാസിൽ ഉണ്ടായിരുന്നു. 'യേശു ജീവിക്കുന്നു' എന്ന് അച്ചടിച്ച ബാഡ്ജുകൾ ധരിച്ചുകൊണ്ട് അവർ ക്ലാസിൽ വരുന്നത് എന്നെ വളരെയധികം അസ്വസ്ഥനാക്കി. അവർ ഒരു പ്രാദേശിക പെന്തക്കോസ്ത് സഭയിലാണ് ആരാധിക്കുന്നതെന്ന് ഞാൻ മനസിലാക്കി. ഈ കൂട്ടർ അസാധാരണക്കാരായ ഏതോ ദുരുപദേശ സംഘമാണെന്ന് ഞാൻ നിർണ്ണയിച്ചു. കാരണം, ഈ ആൺകുട്ടികൾ യേശുവിന്റെ നാമം എടുക്കുന്നതു പോലെ ആരേയും ഞാൻ ആഗ്ലിക്കൻ സഭയിൽ എന്റെ യൗവനത്തിൽ കണ്ടിട്ടില്ല.

കുട്ടികളെ ഏറ്റവും കൂടുതൽ സ്വാധീനിച്ച ഒരു പുസ്തകത്തെപ്പറ്റി ലേഖനം എഴുതാൻ ഞാൻ അവരോട് ആവശ്യപ്പെട്ടു. ഞാൻ ഇതൊരിക്കലും പ്രതീക്ഷിച്ചിരുന്നില്ല, കാരണം ഈ രണ്ട് ആൺകുട്ടികൾ എഴുതിയ വലിയ രണ്ടു ലേഖനങ്ങൾ നിറയെ ബൈബിൾ വാക്യങ്ങൾ ആയിരുന്നു. ഇതുപോലുള്ള കാര്യങ്ങൾ: 'എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു'. 'പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ നിത്യ ജീവൻ തന്നേ.' 'നിങ്ങൾ വീണ്ടും ജനിക്കണം'.

'ഇത് ഗൗരവം അർഹിക്കുന്നു' ഞാൻ ചിന്തിച്ചു. 'ഈ പയ്യന്മാർ എന്നെ മതം മാറ്റാൻ ശ്രമിക്കുകയാണ്. കുഴപ്പമില്ല, എന്താണ് ചെയ്യേണ്ടതെന്ന് എനിക്കറിയാം. ഞാൻ സർവ്വകലാശാലയിൽ എല്ലാത്തരത്തിലുമുള്ള ചിന്തകരെയും എഴുത്തുകാരെയും പഠിച്ചിട്ടുണ്ടായിരുന്നു. ദൈവത്തിലുള്ള വിശ്വാസമെന്ന ബാലിശമായ മിഥ്യയിൽ നിന്ന് അവരെ ഞാൻ പെട്ടെന്ന് സൗഖ്യമാക്കാൻ പോവുകയാണ്. ഞങ്ങൾ ഗ്രന്ഥശാലയിൽവെച്ച് ഒരു സംവാദത്തിൽ ഏർപ്പെടും. എന്തുകൊണ്ട് അവർ വിശ്വസിക്കരുതെന്ന് ഞാൻ അവർക്ക് കാണിച്ചുകൊടുക്കും.'

സംവാദത്തിൽ ഞാൻ എന്താണ് സംസാരിച്ചതെന്ന് സത്യത്തിൽ ഞാൻ ഓർക്കുന്നില്ല. എന്നാൽ, സംവാദത്തിന്റെ പകുതി ആയപ്പോഴേക്കും ഞാൻ സംസാരിക്കുന്നതിനെപ്പറ്റി എനിക്ക് വേണ്ടത്ര അറിവില്ലെന്ന വല്ലാത്ത ചിന്ത എന്നെ ബാധിച്ചത് ഞാൻ ഓർക്കുന്നു. യേശു ക്രിസ്തുവിലുള്ള വിശ്വാസം വഴി താൻ എങ്ങനെയാണ് ദൈവത്തെ അറിഞ്ഞതെന്നും പ്രാർത്ഥനയിൽ എങ്ങനെയാണ് ദൈവവുമായി ആശയവിനിമയം ചെയ്യുന്നതെന്നും കുട്ടികളിൽ

ഒരാൾ പറഞ്ഞു. അപ്പോൾ എന്നിലേക്ക് കടന്നു വന്ന ആശയം ഈ കുട്ടികളെ അവരുടെ മാതാപിതാക്കൾ ഇതിലേക്ക് മസ്തിഷ്ക പ്രക്ഷാളനം ചെയ്തിരിക്കുന്നു എന്നാണ്. ഞാൻ പറഞ്ഞു, 'അത് നിങ്ങളുടെ ആത്മ നിഷ്ഠമായ അനുഭവമാണ്. ദൈവം ഉണ്ടെന്ന് തെളിയിക്കുന്നതിന് വസ്തുനിഷ്ഠമായ ഒരു തെളിവുമില്ല.' ബൈബിളിൽ നിറയെ പ്രവചനങ്ങളാണെന്നും ദൈവത്തിന്റെ അലൗകികമായ മുന്നറിവ് ഇല്ലാതെ അത് വിശദീകരിക്കാനാകില്ലെന്നും അപ്പോൾ അവർ പറഞ്ഞു. പഴയ നിയമത്തിൽ യേശുവിനെപ്പറ്റിയുള്ള പ്രവചനങ്ങളും ക്രിസ്തുവിന്റെ രണ്ടാമത്തെ വരവുമായി ബന്ധപ്പെട്ട് ഇന്ന് നിവർത്തീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പ്രവചനങ്ങളും ഇതിൽ ഉൾപ്പെടും.

'അതെങ്ങനെയാണ്' ഞാൻ അവിശ്വാത്തോടെ ചോദിച്ചു.

'യെഹൂദർ യിസ്രായേലിലേക്ക് മടങ്ങിപ്പോകുമെന്നും യെരുശലേമിൽ വലിയ പ്രശ്നങ്ങൾ ഉണ്ടാകുമെന്നും അതിനു ശേഷം യേശു മടങ്ങിവരുമെന്നും ബൈബിളിൽ പറയുന്നു.'

യിസ്രായേൽ, യെരൂശലേം, യെഹൂദർ. എന്റെ മനസ്സ് പെട്ടെന്ന് രണ്ടു വർഷം പിന്നോട്ട് 1967-ലെ ആറു ദിവസത്തെ യുദ്ധത്തിലേക്ക് സഞ്ചരിച്ചു. അതിൽ എന്തോ സുപ്രധാനമായതുണ്ടെന്ന് എനിക്ക് തോന്നാനുള്ള കാരണം അതായിരിക്കുമോയെന്ന് ഞാൻ അത്ഭുതപ്പെട്ടു. ഞാൻ സംവാദത്തിൽ പരാജയപ്പെട്ടെന്ന് എനിക്ക് അറിയാമായിരുന്നു എങ്കിലും കുട്ടികളോട് അത് ഞാൻ സമ്മതിച്ചില്ല. എന്നാൽ, ഞാൻ എന്തുകൊണ്ട് ബൈബിൾ വിശ്വസിക്കുന്നില്ല എന്ന വസ്തുതയെപ്പറ്റി ഞാൻ കൂടുതൽ അറിവ് നേടേണ്ടിയിരുന്നു. ബൈബിൾ വായിച്ച് അത് സത്യമല്ലെന്ന് സ്ഥാപിക്കാൻ എങ്കിൽ എന്തുകൊണ്ട് ഒരു ബൈബിൾ വാങ്ങിക്കൂടാ? അല്ലെങ്കിൽ അത് സത്യമായിരിക്കും. ഞാൻ അത് വിശ്വസിക്കേണ്ടിയിരിക്കുന്നു.

ഈ സംഭവം വേനൽക്കാല അവധിയുടെ അവസാനത്തോടെയാണ് നടന്നത്. വേനൽ അവധിക്കാലത്ത്, അങ്ങനെ ഞാൻ, ഷെഫീൽഡിൽ നടന്ന ഒരു അന്താരാഷ്ട്ര യുവജന കോൺഫറൻസിൽ സംബന്ധിക്കാൻ തീരുമാനിച്ചു. ബ്രിട്ടൺ യുഎസ്എ, സോവിയറ്റ് യൂണിയൻ തുടങ്ങിയ രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ അതിൽ പങ്കെടുക്കും. സമ്മേളനത്തിന്റെ ആശയം പിന്നോക്ക പ്രദേശത്തിലെ ഒരു യുവജന ക്ലബ്ബിൽ പ്രവർത്തനം നടത്തുക, ലോക സമാധാനത്തെപ്പറ്റി രാഷ്ട്രീയ ചർച്ചകൾ സംഘടിപ്പിക്കുക എന്നതായിരുന്നു. ലോക സംഭവങ്ങളെപ്പറ്റിയും എങ്ങനെ സമാധാനവും ഭാവിയ്ക്ക് വേണ്ടി മെച്ചപ്പെട്ട ലോകവും സൃഷ്ടിക്കാമെന്നതിനെപ്പറ്റിയും ഒരു സംഘവുമായി ഗഹനമായ ചർച്ചകളിൽ ഏർപ്പെടുന്നതിന് മുൻപ് എനിക്ക് ബൈബിൾ വായിക്കാൻ അധികം സമയം ലഭിച്ചില്ല. ആ സമയത്തെ വലിയ രാഷ്ട്രീയ സംഭവങ്ങളെപ്പറ്റി ഞങ്ങൾ സംസാരിച്ചു. അമേരിക്കക്കാരും സോവിയറ്റുകളും തങ്ങളുടെ രാജ്യങ്ങളിലെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കണമെന്നും, വിയറ്റ്നാമിൽ നിന്നും ചെക്കോസ്ലോവാക്യയിൽ നിന്നും തങ്ങളുടെ സൈന്യങ്ങളെ പിൻവലിക്കണമെന്നും ഞാൻ വീറോടെ പറഞ്ഞു. വളരെക്കാലം മുൻപ്തന്നെ ഞാൻ രാഷ്ട്രീയപരമായി ഇടത്പക്ഷത്തായിരുന്നു. സോവിയറ്റ് പ്രതിനിധികളിൽ അത് താല്പര്യം ഉണർത്തി. അവരെല്ലാം നല്ല കമ്മ്യൂണിസ്റ്റുകൾ ആയിരുന്നു. കാരണം, കമ്മ്യൂണിസ്റ്റ് അധികാരികളുടെ അംഗീകാരമില്ലാതെ സോവിയറ്റ് യൂണിയന് പുറത്തേക്കു സഞ്ചരിക്കാൻ അക്കാലത്ത് വീസ ലഭിക്കില്ലായിരുന്നു.

വളരെ സുന്ദരിയായ ഒരു റഷ്യൻ പെൺകുട്ടി, ലാറാ പരസ്യമായി എന്നോട്

കൊഞ്ചിക്കുഴയുന്നുണ്ടായിരുന്നു. ഒരു അവസരത്തിൽ ഞങ്ങൾ തനിച്ചായിരുന്നപ്പോൾ അവൾ എന്നോട് ചോദിച്ചു, 'ടോണി, നിങ്ങൾ ദൈവത്തിൽ വിശ്വസിക്കുന്നുവോ?'

'എനിക്ക് ഉറപ്പില്ല' ഞാൻ മറുപടി കൊടുത്തു.

'സോവിയറ്റ് യുണിയനിൽ പുരോഗമനവാദികളായ എല്ലാ ചെറുപ്പക്കാരും ദൈവത്തിൽ വിശ്വസിക്കുന്നില്ല. മെച്ചപ്പെട്ട ലോകം സൃഷ്ടിക്കാൻ നാം ദൈവത്തെയും മതത്തെയും ഒഴിവാക്കണം.' അവൾ പറഞ്ഞു.

എന്റെ ഉള്ളിൽ പോരാട്ടം നടന്നുകൊണ്ടിരിക്കുകയാണെന്ന് എനിക്ക് തോന്നി. ഈ സമ്മേളനം നടന്ന മൂന്ന് ആഴ്ച സമയത്തിൽ ഞാൻ ദൈവത്തിൽ നിന്നും ബൈബിളിൽനിന്നും ഒത്തിരി അകന്ന് എന്നെത്തന്നെ കമ്മ്യൂണിസത്തിന് സമർപ്പിക്കാൻ ആരംഭിച്ചു. സ്വന്തം തീരുമാനത്തിൽ ഷെഫീൽഡിലെ ഒരു പാർക്കിൽവച്ച് ദൈവത്തെ തള്ളിക്കളഞ്ഞ് വിപ്ലവത്തെ ആലിംഗനം ചെയ്തത് ഞാൻ ഓർക്കുന്നു.

റെറ്റ്ഫോർഡിൽ ഞാൻ സന്തോഷവാൻ അല്ലാതിരുന്നത് കൊണ്ട്, ഞാൻ അവിടുത്തെ വിദ്യാലയ ജോലിക്ക് രാജി നൽകി പടിഞ്ഞാറൻ ലണ്ടനിലെ ഒരു സമഗ്രപഠന (comprehensive) സ്കൂളിൽ ജോലിക്ക് കയറി. ഈ സ്കൂളിൽ റെറ്റ്ഫോർഡിലെ സ്കൂളിൽ ഉള്ളതിനേക്കാൾ അധികമായി വിവിധ വംശക്കാർ ഉണ്ടായിരുന്നു. ധാരാളം ഏഷ്യൻ കുട്ടികൾ ഇവിടെ പഠിച്ചിരുന്നു. അവർ എന്റെ ഇടതുപക്ഷ ആശയങ്ങളോട് കൂടുതൽ സ്വീകാര്യത കാണിക്കുമെന്നും, വംശീയ മുൻവിധിയുടെ ഉത്തരം സോഷ്യലിസ്റ്റ് സമൂഹമാണെന്ന് അവർ മനസ്സിലാക്കുമെന്നും ഞാൻ ആശിച്ചു. ഞാൻ ലണ്ടൻ സർവ്വകലാശാലയിൽ ലോകവിപ്ലവത്തെപ്പറ്റി പ്രഭാഷണങ്ങൾ നടത്തുകയും വിയറ്റ്നാമിലെ യുദ്ധത്തിനും സൗത്ത് ആഫ്രിക്കയിലെ വർണ്ണ വിവേചനത്തിനും എതിരെയുമുള്ള പ്രതിഷേധ പ്രകടനങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ലണ്ടനിലെ തീവ്ര ഇടതുപക്ഷ രംഗത്തിന്റെ ഭാഗമായതിൽ ഞാൻ ആവേശത്തിലായി.

എന്നാൽ, ഞാൻ ദൈവത്തിൽ നിന്ന് അകലാൻ എത്ര ശ്രമിച്ചിട്ടും അവിടുന്ന് എല്ലായിടത്തും പ്രത്യക്ഷമാകുന്നു എന്ന് ഞാൻ മനസ്സിലാക്കി. ഒരു ദിവസം ഞാൻ ജോലികഴിഞ്ഞ് ഭൂഗർഭ റെയിൽ മാർഗ്ഗം വീട്ടിലേക്ക് മടങ്ങുകയായിരുന്നു. എന്റെ മുന്നിലെ പോസ്റ്ററിൽ ഒരു ബൈബിൾ വാക്യം. 'അന്ത്യകാലത്തു ദുർഘട സമയങ്ങൾവരും എന്നറിക മനുഷ്യർ സ്വസ്നേഹികളും ദ്രവ്യാഗ്രഹികളും വമ്പു പറയുന്നവരും അഹങ്കാരികളും ദൂഷകന്മാരും അമ്മയപ്പന്മാരെ അനുസരിക്കാത്തവരും നന്ദികെട്ടവരും അശുദ്ധരും വാത്സല്യമില്ലാത്തവരും ഇണങ്ങാത്തവരും ഏഷണിക്കാരും അജിതേന്ദ്രിയന്മാരും ഉഗ്രന്മാരും സൽഗുണ ദ്വേഷികളും ദ്രോഹികളും ധാർഷ്ട്യക്കാരും നിഗളികളുമായി ദൈവ പ്രിയമില്ലാതെ ഭോഗപ്രിയരായി ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തി തൃജിക്കുന്നവരുമായിരിക്കും.' (2 തിമൊ.3:1-4).

വീണ്ടും എന്റെ മനസ്സിലേക്ക് ചിന്തകൾ ഇരച്ചുകയറി. 'അന്ത്യകാലത്ത്! ഇപ്പോഴത്തെ മനുഷ്യരെപ്പറ്റിയുള്ള ഒരു നല്ല വിവരണം ആണത്. യേശു മടങ്ങിവരുന്നുവെന്നും ഞാൻ അവനിൽ വിശ്വസിക്കുന്നില്ലെന്നും കരുതുക. എനിക്ക് എന്തു സംഭവിക്കും? ഭൂഗർഭ റെയിൽ വേയിൽ ഞാൻ യാത്ര ചെയ്യുന്ന ഈ സമയത്ത് കർത്താവ് വന്നാലോ? 'വിഡ്ഢിയാവരുത്. തീർച്ചയായും യേശു മടങ്ങിവരാൻ പോകുന്നില്ല. അത് മറന്നേക്കൂ.'

എന്നാൽ ആ ചിന്തകൾ മായുന്നില്ല.

ലണ്ടനിൽ ഗ്രോസ്വെനർ ചത്വരത്തിൽ അമേരിക്കൻ എംബസിയ്ക്ക് മുന്നിൽ വിയറ്റ്നാം യുദ്ധത്തിന് എതിരായി നടന്ന പ്രകടനത്തിൽ ഞാൻ പങ്കെടുത്തു. ഞാൻ ഒരു പ്ലാകാർഡും പിടിച്ചു നിൽക്കുകയാണ്. അതിങ്ങനെയാണ് : 'യുഎസ് സാമ്രാജ്യവാദികൾ വിയറ്റ്നാമിന് പുറത്തുപോകൂ.' മഹാ വിപ്ലവത്തിന് വേണ്ടി പ്രവർത്തിക്കുന്ന സംഘങ്ങളിലേക്ക് നിങ്ങളെ ക്ഷണിക്കാൻ വിവിധ വിഭാഗങ്ങൾ ഈ പ്രകടനങ്ങളിൽ ലഘുലേഖകൾ വിതരണം ചെയ്യുന്നത് അസാധാരണമായ സംഭവം ഒന്നുമല്ല. എന്നാൽ ഈ ലഘുലേഖ തീർത്തും വ്യത്യസ്തമായിരുന്നു. അറുപതുകളിലെ തെക്കെഅമേരിക്കൻ മാർക്സിസ്റ്റ് നേതാവ് ചെഗുവേരയുടെ ഒരു ഉദ്ധരണിയോടെ അത് ആരംഭിച്ചു.

'ശാശ്വതമായ വിജയം വരെ'

ശാശ്വതമായ വിജയം നമുക്ക് എങ്ങനെ നേടാനാകുമെന്ന് അത് ഒരു ഉത്തരം നൽകുന്നു:

'നമ്മിൽ നിന്നും നാം എല്ലാ അനീതിയും, വെറുപ്പും, അത്യാഗ്രഹവും, കയ്പ്പും പിഴുതെറിയണം. പ്രശ്നങ്ങൾ ആരംഭിക്കുന്നിടത്ത് — ഹൃദയത്തിൽ വിപ്ലവം ആരംഭിക്കണം. മാർക്സ് പറയുന്നു, സമൂഹത്തെ മാറ്റുക, അതിന്റെ ഫലമായി ജനങ്ങളും മാറും. യേശു പറഞ്ഞു, 'നിങ്ങൾ വീണ്ടും ജനിക്കണം.' ശാരീരികമായല്ല, ആത്മീയമായി. കാരണം, 'ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ, അതു പുതുതായി തീർന്നിരിക്കുന്നു' (2 കൊരിന്ത്യർ 5:17).

ഇതിനെപ്പറ്റി ചിന്തിക്കുക. ആരാണ് ശരിയെന്ന് നിങ്ങൾ തന്നെ തീരുമാനിക്കുക.

'വിപ്ലവം നീണാൾ വാഴട്ടെ'

ഈ പെൺകുട്ടിയോട് ഞാൻ ഒന്നും പറഞ്ഞില്ല. എന്നാൽ, ഞാൻ ആ ലഘുലേഖ വായിച്ചപ്പോൾ അത് സത്യമാണെന്ന് ഉള്ളിന്റെ ഉള്ളിൽ ഒരു തോന്നൽ. കമ്മ്യൂണിസ്റ്റ് പരീക്ഷണം ദയനീയമായി പരാജയപ്പെട്ടു. ജനങ്ങളെ വെറുപ്പിന്റെയും, അത്യാഗ്രഹത്തിന്റെയും, ഭയത്തിന്റെയും ചങ്ങലകളിൽ നിന്ന് മോചിപ്പിക്കുമെന്ന് വാഗ്ദാനം അവർ നൽകി. എന്നാൽ, ഏകാധിപത്യ രാഷ്ട്രങ്ങളിൽ ഈ ചങ്ങല ജനങ്ങളെ കൂടുതൽ വരിഞ്ഞുമുറുക്കുകയാണ്. ഇവിടങ്ങളിൽ ജനങ്ങളെ ചവിട്ടിമെതിക്കുകയും അടിച്ചമർത്തുകയും ചെയ്യുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ, അധികാരം പിടിച്ചെടുത്ത ഒരു ചെറുസംഘത്തിൽ അധികാരം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു.

ആ സമയത്ത് ഞാൻ യുഗോസ്ലോവ് എഴുത്തുകാരൻ മിലോവാൻ ഡിലാസിന്റെ 'പുതിയ വർഗ്ഗം' എന്ന പുസ്തകം വായിക്കുകയായിരുന്നു. യുദ്ധത്തിന്ശേഷം യുഗോസ്ളാവിയയിൽ കമ്മ്യൂണിസ്റ്റുകൾ അധികാരത്തിലേറാൻ അദ്ദേഹത്തിന്റെ സഹായമുണ്ടായിരുന്നു. ഒരു കാലത്ത് അദ്ദേഹം പ്രസിഡന്റ് ടിറ്റോയുടെ രണ്ടാമെത്ത സേനാ നായകൻ ആയിരുന്നു. പിന്നീട് അദ്ദേഹം പാർട്ടിയുടെ അപ്രീതി സമ്പാദിച്ച്, ഒരു വിമതനായിമാറി. കിഴക്കൻ യൂറോപ്പിലെ കമ്മ്യൂണിസ്റ്റ് ഭരണകൂടങ്ങൾ നടത്തുന്ന അധികാര ദുർവിനിയോഗത്തിന് എതിരെ അദ്ദേഹം പ്രതിഷേധിച്ചു. ഈ പുസ്തകത്തിന്റെ അടിസ്ഥാന ആശയം എന്താണെന്നു വെച്ചാൽ, അധികാരം കൈയിൽ കിട്ടിയപ്പോൾ ജനങ്ങളുടെ (തൊഴിലാളികൾ, കർഷകർ) അവകാശങ്ങൾക്ക് വേണ്ടി പ്രവർത്തിച്ച വിപ്ലവ പ്രസ്ഥാനമായിരുന്ന കമ്മ്യൂണിസ്റ്റുകൾ സ്വാർത്ഥമതികളായ ഒരുകൂട്ടം ഉദ്യോഗസ്ഥരായിമാറി. അധികാരവും സമ്പത്തും അവരുടെ കരങ്ങളിൽ കേന്ദ്രീകരിക്കപ്പെട്ടു. അവരുടെ പ്രത്യേക അവകാശങ്ങൾ അവർ തങ്ങളുടെ മക്കളിലേക്കു

പോലും കൈമാറി. യഥാർത്ഥത്തിൽ, അവർ പുതിയ അടിച്ചമർത്തൽ ഭരണ വർഗ്ഗമായി മാറി. മനുഷ്യന്റെ സ്വഭാവത്തിൽ എന്തോ കുഴപ്പമുണ്ട്, അതിന്റെ അർത്ഥം നമ്മുടെ ആദർശങ്ങൾ നമുക്ക് പാലിക്കാൻ കഴിയില്ലെന്നാണ്. മനുഷ്യന്റെ സ്വാർത്ഥതമൂലം, നാം നമ്മെത്തന്നെയും നാം തൊടുന്ന സകലതിനെയും ദുഷിപ്പിക്കുന്നു, എന്ന് ഡിലാസ് ചൂണ്ടിക്കാണിക്കുന്നു.

ഞാൻ ഈ ലഘുലേഖ വായിച്ചിട്ട് ഡിലാസിന്റെ പുസ്തകത്തെപ്പറ്റി ചിന്തിച്ചപ്പോൾ, മനുഷ്യരാശിയുടെ പ്രശ്നം യഥാർത്ഥത്തിൽ നമ്മുടെ ഉള്ളിലുള്ള അടിസ്ഥാന സ്വാർത്ഥതയും തിന്മ ചെയ്യാനുള്ള പ്രവണതയും ആണെന്ന് എനിക്ക് വെളിപ്പെടാൻ തുടങ്ങി. ഇതിനെ പഴയ ശൈലിയിലുള്ള, അപ്രിയവാക്കായ പാപം എന്ന് നിർവചിക്കാം. ഞാൻ സന്ധിച്ച ക്രൈസ്തവർ ഇതുതന്നെയാണ് എന്നോട് പറഞ്ഞതെന്ന് ഞാൻ തിരിച്ചറിഞ്ഞു. ഈ പ്രശ്നത്തിന്റെ പരിഹാരം യേശുക്രിസ്തു എന്ന വ്യക്തിയിൽ അവർ കണ്ടെത്തിയെന്ന് അവർ അവകാശപ്പെട്ടു. അടുത്ത രണ്ടുമാസം, എന്റെ ഉള്ളിൽ വലിയപോരാട്ടം നടന്നുകൊണ്ടിരിക്കുകയായിരുന്നു. യേശുവിൽ നിന്ന് എനിക്ക് ഒഴിഞ്ഞുമാറാനാകില്ലെന്ന് എന്റെ ഹൃദയത്തിൽ എനിക്കറിയാമായിരുന്നു. അതേസമയം, ഒരു ക്രിസ്തുവിശ്വാസിയാകാൻ എനിക്ക് താല്പര്യവുമില്ലായിരുന്നു.

1969-ൽ പുതുവർഷത്തിന്റെ തലേന്ന് ഈ പോരാട്ടം നേർക്കുനേർ വന്നു. അറുപതുകളുടെ അവസാനത്തെ രാത്രിയിൽ സഭ്യമല്ലാത്ത ഒരു മദ്യസൽക്കാരത്തിൽ ഞാൻ സമയം ചെലവഴിച്ചു. അടുത്ത ദിവസം തലയിൽ മന്ദതയും ദുഷിച്ച മനഃസാക്ഷിയുമായി ഞാൻ ഉണർന്നു. എന്നാൽ, ദൈവവുമായി ഞാൻ സമാധാനത്തിൽ ആകണമെന്ന് പ്രശാന്തമായ ഒരു തോന്നലും എന്നിൽ ഉണ്ടായിരുന്നു. ഞാൻ കുട്ടിക്കാലം മുതൽ ഓർക്കുന്ന, മുടിയനായ പുത്രന്റെ കഥ എന്നിലേക്ക് വീണ്ടും വന്നു. എന്റെ തലമുറയിലെ പന്നിഭക്ഷണം കഴിക്കുന്നതും, അന്തരംഗം പാഴായിപോകുന്നതും സ്വയം ഞാൻ കണ്ടു. ദൈവം എന്നോട് സംസാരിക്കുന്നതായി എനിക്ക് തോന്നി, 'ഇപ്പോൾ നീ തീരുമാനിക്കേണ്ടിയിരിക്കുന്നു - നീ ഇപ്പോൾ സഞ്ചരിക്കുന്ന നാശത്തിന്റെ പാതയിൽ തുടരണോ അതോ ദൈവത്തിലേക്ക് തിരിഞ്ഞ് ജീവന്റെ പാതയിൽ സഞ്ചരിക്കണോ?' അവിടെയിരുന്ന് ഞാൻ പ്രാർത്ഥിച്ചു. ഞാൻ ചെയ്തുപോയ തെറ്റുകൾ മാപ്പാക്കാനും എന്നെ രൂപാന്തരപ്പെടുത്താനും ഞാൻ ദൈവത്തോട് അപേക്ഷിച്ചു.

പെട്ടെന്ന് തന്നെ ഞാൻ സമാധാനം അനുഭവിച്ചു. വീണ്ടും ജനിക്കുക എന്ന് ക്രൈസ്തവർ വിളിക്കുന്ന അനുഭവം എനിക്ക് ലഭിച്ചെന്ന് ഞാൻ അറിഞ്ഞു. ഞാൻ റെറ്റ്ഫോർഡ് വരെപോയി, സ്കൂൾ വിദ്യാർത്ഥികളിൽ ഒരാളായ അലക്സിനെകണ്ടു. എന്താണ് സംഭവിച്ചതെന്ന് ഞാൻ പറഞ്ഞു. കഴിഞ്ഞ ആറുമാസമായി അവരുടെ സഭ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയാണെന്ന് അവൻ എന്നോട് പറഞ്ഞു. ഞാൻ അവനോടൊപ്പം സഭയിൽ പോയി പാസ്റ്റർ സംസാരിക്കുന്നതു കേട്ടു. യേശു ക്രിസ്തു കുരിശിൽ നമ്മുടെ പാപത്തിന് ശിക്ഷയായി എങ്ങനെ, എപ്പോൾ മരിച്ചെന്നും, ദൈവത്തിലേക്ക് ചെല്ലാനും നിത്യജീവൻ പ്രാപിക്കാനും മരണത്തിൽ നിന്ന് അവിടുന്ന് ഉയർത്തെഴുന്നേറ്റെന്നും അദ്ദേഹം പറഞ്ഞു. 1970-ലെ പുതു വർഷ ദിനത്തിൽ, (ദശാബ്ദത്തിന്റെ ആദ്യ ദിനത്തിൽ) എനിക്ക് പുതുജീവൻ ലഭിച്ചു.

പ്രാർത്ഥന ഫലിക്കുമോ എന്നറിയാൻ ഞാൻ ആഗ്രഹിച്ചു. ഗ്രോസെനർ ചത്വരത്തിൽ വെച്ച് എനിക്ക് ലഘുലേഖ തന്ന പെൺകുട്ടിയെ വീണ്ടും കണ്ടുമുട്ട

ണമേ എന്നു ഞാൻ പ്രാർത്ഥിച്ചു. ഒന്നു രണ്ടു ആഴ്ചകൾക്ക്ശേഷം മധ്യ ലണ്ടനിൽ ക്രൈസ്തവ വിശ്വാസത്തെപ്പറ്റിയും കമ്മ്യൂണിസത്തെപ്പറ്റിയുമുള്ള ഒരു യോഗത്തിൽ പങ്കെടുക്കാൻ പോയ ഞാൻ കണ്ടത് ആ പെൺകുട്ടി തന്റെ സാക്ഷ്യം പറയുന്നതാണ്. കർത്താവ് അവളെ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്ന് എങ്ങനെ പുറത്തുകൊണ്ടുവന്നെന്നും പ്രകടനം നടക്കുന്ന സ്ഥലങ്ങളിൽപോയി എനിക്ക് ലഭിച്ചതുപോലെയുള്ള ലഘുലേഖ വിതരണം ചെയ്യാൻ കർത്താവ് പറഞ്ഞതും അവൾ വിശദമാക്കി. അവളിൽനിന്ന് എനിക്ക് ലഘുലേഖ ലഭിച്ചതും ഇപ്പോൾ ക്രിസ്തു വിശ്വാസി ആയതും അവളോട് ഞാൻ പറഞ്ഞു. അവൾ സന്തോഷത്തിലായി. അവളുടെ പേര് നിക്കി എന്നായിരുന്നു. ലഘുലേഖ വിതരണത്തിനും യേശുവിനെപ്പറ്റി സംസാരിക്കാനും ഹൈഡ് പാർക്കിലെ സ്പീക്കേർസ് കോർണറിലും, ലണ്ടനിൽ ഇടതുപക്ഷ പ്രകടനം നടക്കുന്ന സ്ഥലങ്ങളിലും ഞങ്ങൾ ഒരുമിച്ച് പോകാൻ ആരംഭിച്ചു. ഇതു മാത്രമല്ല ഞങ്ങളുടെ പൊതുവായ താല്പര്യമെന്ന് ഞങ്ങൾ കണ്ടെത്തി. യഥാർത്ഥത്തിൽ, ഞങ്ങൾ പരസ്പരം സ്നേഹിക്കുന്നു എന്ന് ഞങ്ങൾ തിരിച്ചറിഞ്ഞു! അതുകൊണ്ട്, ഞങ്ങൾ വിവാഹിതരായി, 27 വർഷം ഒരുമിച്ചു ജീവിച്ചു. അസ്ഥിയുടെ മജ്ജയിൽ വരുന്ന അർബുദമായ മൾട്ടിപ്പിൾ മയലോമ മൂലം നിക്കി രോഗിയായി 1998-ൽ മരിച്ചു.

നിക്കിയോടൊത്ത് ഞാൻ ദൈവവചനം പഠിക്കാൻ പോയി. ഈ സന്ദേശം ഗൗരവമായി എടുക്കുന്നവർ ലണ്ടനിലും ഉണ്ടെന്ന് എനിക്ക് മനസ്സിലായി. ഞങ്ങൾ രണ്ടുപേരും ബൈബിളിനെപ്പറ്റി ഒരേ നിർണ്ണയത്തിൽ എത്തി — അത് പൊടിപിടിച്ച പഴഞ്ചൻ പുസ്തകമല്ല. നമ്മുടെ കാലത്തെപ്പറ്റി ആശ്ചര്യപ്പെടുത്തുന്ന ഉൽക്കാഴ്ചകൾ അതിൽ അടങ്ങിയിട്ടുണ്ട്. ഈ ഉൽക്കാഴ്ചകൾ ഞങ്ങളെ വളരെ അസ്വസ്ഥത ഉളവാക്കുന്ന, എന്നാൽ വളരെ ആശ്ചര്യം ഉളവാക്കുന്ന നിർണ്ണയത്തിൽ എത്തിച്ചു — അന്ത്യകാല പ്രവചനങ്ങൾ ഇപ്പോൾ നിവർത്തിക്കപ്പെട്ടുകൊണ്ടിരിക്കുന്നു, കഷ്ടതയുടെ കാലയളവായ മഹോപദ്രവം വരാൻ പോവുകയാണ്. അതിന്റെ അർത്ഥം യേശു വീണ്ടും വരുമെന്നാണ്. എന്താണ് സംഭവിക്കാൻ പോകുന്നതെന്ന അറിവ് ലഭിക്കാൻ ലോകം, കൈനോട്ടക്കാർ, ജ്യോതിഷികൾ, പുതുയുഗ ഗുരുക്കന്മാർ, മന്ത്രവാദികൾ തുടങ്ങിവരിലേക്ക് നോക്കുന്നു. ഈ കാലഘട്ടത്തിലെ നമ്മുടെ നിലനിൽപ്പിന് വിവരങ്ങളുടെ യഥാർത്ഥ ഉറവിടം അത്യന്താപേക്ഷിതമാണ്. അടുത്തത് മിക്കവാറും അവഗണിക്കപ്പെട്ടിരിക്കുന്നു. ഒഴുക്കിന് എതിരെ നീന്താനുള്ള സമയമാണിത്. ലോകത്ത് എന്താണ് സംഭവിക്കുന്നതെന്നും ഇനി എന്തു സംഭവിക്കുമെന്നും അറിയാൻ യഥാർത്ഥ ബോധോദയം തരുന്ന ഉറവിടത്തിലേക്ക് നോക്കുക — അത് ബൈബിളാണ്.

ക്രിസ്തു വിശ്വാസിയായതിനുശേഷം, ദൈവത്തിന്റെ സ്നേഹവും കൃപയും എന്റെ പല സാഹചര്യങ്ങളിലും ഞാൻ മനസ്സിലാക്കി, ഒരു സ്കൂൾ അധ്യാപകനായും, ഒരു സുവിശേഷകനായും ഇപ്പോൾ വടക്ക്പടിഞ്ഞാറൻ ലണ്ടനിൽ ബ്രിഡ്ജ് ക്രിസ്ത്യൻ ഫെലോഷിപ്പിന്റെ (www.bridgelane.org.uk) പാസ്റ്ററായും ഞാൻ അറിയപ്പെടുന്നു. എന്റെ രണ്ടാമത്തെ ഭാര്യ ബാർബറയ്ക്ക് വേണ്ടി ഞാൻ ദൈവത്തോട് നന്ദി പറയുന്നു. നിക്കിയുടേതുപോലെ ഞങ്ങളുടെ ദർശനവും വിശ്വാസങ്ങളും ഒന്നാണ്. ബാർബറ എന്നോടൊപ്പം ശുശ്രൂഷ ചെയ്യുന്നു.*

# കാലത്തിന്റെ അടയാളങ്ങൾ



## യൂറോപ്പ് ഡിജിറ്റൽ നിയന്ത്രണ പാതയിൽ

കൊറോണ വൈറസ് പാസ്പോർട്ട് പോലെ ലോകത്തിന് രാജ്യാന്തര അംഗുലി തിരിച്ചറിയൽ സംവിധാനം ആവശ്യമാണ്. കാലാവസ്ഥ വ്യതിയാനത്തെക്കുറിച്ചുള്ള ഐക്യരാഷ്ട്ര സംഘടനയുടെ അന്തർ സർക്കാർ സമിതിക്കു സമാനമായ ഒരു ആഗോള സംഘടന നിർമ്മിത ബുദ്ധിയെ നിയന്ത്രിക്കണം. യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വാൻ ഡേർ ലേയെൻ ഇന്ത്യയിൽ നടന്ന ജി 20 ഉച്ചകോടിയുടെ 'ഒരു ഭാവി' എന്ന സമ്മളനത്തിൽ പറഞ്ഞതാണിത്. യൂറോപ്യൻ യൂണിയനിലെ ഈ മുതിർന്ന ഉദ്യോഗസ്ഥ പ്രഖ്യാപിച്ചു, 'ഭാവി മുഴുവൻ ഡിജിറ്റൽ ആയിരിക്കും.' അതുകൊണ്ട്, അതിരുകൾ നിശ്ചയിക്കാനും നിയമങ്ങൾ രൂപീകരിക്കാനും ആഗോളവാദത്തിൽ അടിസ്ഥാനപ്പെട്ട കൂടുതൽ സംഘടനകൾ ആവശ്യമാണ്.

ഇന്ത്യയിലെ തന്റെ പ്രഭാഷണത്തിൽ, ഉർസുല വാൻ ഡേർ ലേയെൻ 'ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളുടെ' ആഗോള സ്വീകാര്യതയ്ക്കു വേണ്ടി വാദിച്ചു. വുഹാൻ വിഷാണു പ്രതിസന്ധിക്കിടയ്ക്ക് ഈയു വികസിപ്പിച്ച കൊറോണ വൈറസ് പാസ് പോർട്ട് സംവിധാനത്തിന് സമാനമായ ഒരു ക്രമീകരണം ആയിരിക്കണം അത്. ഈയു കോവിഡ് സർട്ടിഫിക്കറ്റ് വളരെ പ്രവർത്തനക്ഷമവും വിശ്വാസയോഗ്യവുമാണ്. അതുകൊണ്ട്, നാല് ഭൂഖണ്ഡങ്ങളിൽ നിന്നുള്ള 51 രാജ്യങ്ങൾ അത് സൗജന്യമായി നടപ്പിലാക്കി. ആരോഗ്യ ഭീഷണിയുടെ സമയത്ത് ചലന ക്ഷമത സുഗമമാക്കാൻ ഇന്ന് ലോകാരോഗ്യ സംഘടന അതിനെ ആഗോള നിലവാരമായി ഉപയോഗിക്കുന്നു.

യൂറോപ്യൻ യൂണിയൻ അതുല്യമായ ഒരു ഡിജിറ്റൽ തിരിച്ചറിയൽ ആപ്പ് പുറത്തിറക്കാൻ സജീവമായി ശ്രമിക്കുന്നു. അതിൽ പൗരന്റെ പാസ് പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ക്രെഡിറ്റ് കാർഡുകൾ, വ്യക്തിപരമായ വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തും. കമ്മ്യൂണിസ്റ്റ് ചൈനയെപ്പോലെ ഈയുവും 'സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസി' (CBDC) നടപ്പിലാക്കാൻ നോക്കുന്നു. 27 അംഗ രാജ്യങ്ങളിലെ വിവിധ ജന സമൂഹങ്ങളുടെമേൽ ബ്രസൽസിന്റെ ആശയങ്ങൾ അടിച്ചേൽപ്പിക്കാൻ അതിനെ ഉപയോഗിക്കും.

മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലയറും ടോറി പാർട്ടിയുടെ മുൻ നേതാവായ വില്യം ഹേഗും, പൗരന്മാരെ ഭരണകൂടം എങ്ങനെ നിരീക്ഷിക്കുന്നു എന്ന കാര്യത്തിൽ 'സാങ്കേതിക വിപ്ലവം' ആവശ്യമാണെന്ന് വാദിക്കുന്നു. ടൈംസ് ഓഫ് ലണ്ടനിൽ അവർ ഒരുമിച്ച് ഒരു ലേഖനം എഴുതി. ദേശീയ ഡിജിറ്റൽ തിരിച്ചറിയൽ സംവിധാനം രൂപീകരിക്കുന്നതിന് അനുകൂലമായി അവർ വാദിച്ചു. അതിൽ പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ് എന്നിവയുടെ വിവരങ്ങളും നികുതി രേഖകളും ജോലി ചെയ്യാനുള്ള അനുവാദവും ഉൾപ്പെടുത്തിയിരിക്കും. ആഗോള വ്യാപകമായി വാക്സിൻ പാസ്പോർട്ട് നടപ്പിലാക്കാൻ വാദിക്കുന്ന ലോകത്തിലെ പ്രധാനപ്പെട്ട വക്താക്കളിൽ ഒരാളാണ് ടോണി ബ്ലയർ. ദാവോസിലെ ലോക സാമ്പത്തിക സമിതിയുടെ യോഗ

ത്തിൽ അദ്ദേഹം അതിനുവേണ്ടി വാദിച്ചു.

കമ്മ്യൂണിസ്റ്റ് ചൈനയെപ്പോലെ ബ്രിട്ടനെ പൗരന്മാരെ നിരീക്ഷിക്കുന്ന ഒരു രാജ്യമായി മാറ്റിയെടുക്കാൻ ബ്ലയറും ഹേഗും താല്പര്യം കാണിക്കുന്നുവെന്ന്, ഈ നിർദ്ദേശത്തെ അപലപിച്ചുകൊണ്ട് ബ്രെക്സിറ്റ് നേതാവ് നൈജുൽ ഫരാജ് പറഞ്ഞു.

"അത് മോശമായ, അപകടകരമായ നീക്കമാണെന്ന് ഞാൻ ചിന്തിക്കുന്നു. എല്ലാ പാർട്ടികളും ഇക്കാര്യത്തിൽ ഒരുമിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. അവർക്ക് അവകാശപ്പെടാത്തത് അവർക്ക് കിട്ടാൻ പോവുകയാണ്. കാരണം, ജെറമിഹണ്ടും ഋഷി സുനക്കും കെയിർ സ്റ്റാർമറും തമ്മിലുള്ള വ്യത്യാസം എന്താണ്? ഫലത്തിൽ ഒന്നുമില്ല." ശ്രീമാൻ ഫരാജ് പറഞ്ഞു.

ഇതെല്ലാം 'മുദ്രയേൽക്കുന്ന ജനങ്ങൾ' എന്ന ഞങ്ങളുടെ ലേഖനത്തോട് ബന്ധപ്പെട്ടിരിക്കുന്നു. *

**റഷ്യ തകരുമോ? അതോ നമ്മെ എല്ലാവരെയും തകർത്തുകളയുമോ? അതോ ഒടുവിൽ വിജയിക്കുമോ?**



യുക്രൈന്റെ പ്രത്യാക്രമണം വിജയിക്കുകയാണെങ്കിൽ റഷ്യ ആണവായുധം ഉപയോഗിക്കാൻ നിർബന്ധിക്കപ്പെടുമെന്ന് റഷ്യയുടെ മുതിർന്ന ഉന്നതാധികാരി ദിമി മെഡ്വെ ദേവ് പറഞ്ഞു. 'മറ്റൊരു പരിഹാരം ഉണ്ടാകില്ല.' മുൻ റഷ്യൻ പ്രസിഡന്റ് പറഞ്ഞു. 'ലോകം ആണവ അഗ്നിയിൽ കത്തിയെരിയാൻ അവരെ അനുവദിക്കാതിരിക്കാൻ ഞങ്ങളുടെ ശത്രുക്കൾ ഞങ്ങളുടെ പോരാളികൾക്ക് വേണ്ടി പ്രാർത്ഥിക്കണം.'

18 മാസത്തെ ശക്തി ക്ഷയത്തിന് ശേഷം റഷ്യ യുദ്ധത്തിൽ പരാജയപ്പെടാനുള്ള സാധ്യത മെട്ദേവിന്റെ പ്രസ്താവന ഉയർത്തുന്നു – റഷ്യയുടെ മുതിർന്ന വക്താവിൽ നിന്ന് വരുന്ന അപൂർവമായ കുറ്റസമ്മതം. യുദ്ധം തുടരുന്നത് റഷ്യയെ സംബന്ധിച്ച് ദോഷകരമായ വസ്തുതയാണ്. അതേ സമയം യുക്രൈൻ സേനയ്ക്ക് മന്ദഗതിയിലുള്ള പുരോഗതിയാണുള്ളത്. കിഴക്കൻ യുക്രൈനിലെ അവരുടെ പ്രത്യാക്രമണത്തിൽ വലിയ അളവിൽ അവർക്ക് അത്യാഹിതം നേരിട്ടു. യുദ്ധം തുടങ്ങിയതിന് ശേഷം 250, 000 റഷ്യൻ സൈനികർക്ക് മരണം സംഭവിക്കുകയോ ഗുരുതരമായ പരിക്ക് പറ്റുകയോ ചെയ്തിട്ടുണ്ട്. പുട്ടിന്റെ സേനയ്ക്കുള്ളിലെ ശോഷണത്തിന്റെയും അഴിമതിയുടെയും ഞെട്ടിപ്പിക്കുന്ന വ്യാപ്തി മുൻ റഷ്യൻ ലെഫ്റ്റനന്റ് കേണൽ വലേറി സാൽഹുനിയി വെളിപ്പെടുത്തി. അവർ പരാജയത്തിലേക്ക് നീങ്ങുകയാണെന്ന് ഇത് മുൻകൂട്ടി പറയുന്നു. റഷ്യൻ സൈന്യത്തിൽ ആത്മവീര്യം കുറവാണ്. ചില സൈനികർ കലാപത്തിന്റെ വക്കിലാണ്. യുദ്ധ സാമഗ്രികൾ നഷ്ടപ്പെടുന്നതുകൊണ്ട് പുടിൻ വടക്കൻ കൊറിയ, ഇറാൻ തുടങ്ങിയ (സേച്ഛാധിപത്യ) ഭരണകൂടങ്ങളിൽ നിന്ന് ആയുധം തേടുന്നു.

റഷ്യയ്ക്കുള്ളിൽ നടക്കുന്ന സംഭവവികാസങ്ങൾ അവിടുത്തെ ജനത്തെ അലോസരപ്പെടുത്തുന്നു. വാഗ്നർ സംഘത്തിന്റെ അസാധാരണമായ അട്ടിമറി ശ്രമം, കാര്യങ്ങളുടെ മേൽ ക്രംലിനുള്ള നിയന്ത്രണം വലിയ രീതിയിൽ നഷ്ടപ്പെടുന്നെന്നാണ്

സൂചിപ്പിക്കുന്നത്. നിരവധി ആളില്ലാ വിമാന ആക്രമണങ്ങൾ മോസ്കോയിലെ- സുപ്രധാന സ്ഥാനങ്ങളെയാണ് ലക്ഷ്യമിട്ടത്. ചില ആക്രമണങ്ങൾ നടന്നത് ക്രംലിന് ഏതാനും കിലോമീറ്റർ അകലെയാണ്. യുദ്ധത്തിന് മുൻപുള്ളതിനേക്കാൾ മോശമായ സാമ്പത്തിക സ്ഥിതിയിലാണ് ഇപ്പോൾ റഷ്യ. കാരണം, ഉപരോധങ്ങളുടെ പെരുമഴ അതിന്റെ വ്യവസായ ഭീമന്മാരെയും ഊർജ്ജ കയറ്റുമതിയെയും തീവ്രമായി ബാധിക്കുന്നു. റൂബിളിന്റെ മൂല്യം തകരുന്നത് സാമ്പത്തിക തകർച്ചയുടെ ചക്രവാള സൂചനയാണ്.

1991-ൽ സോവിയറ്റ് യൂണിയന് തകർച്ച സംഭവിച്ചതുപോലെ, റഷ്യൻ ഫെഡറേഷന്റെ തകർച്ചയിലേക്കാണ് ഇതിന്റെയെല്ലാം സാധ്യത നയിക്കുന്നത്. ഇത് പാശ്ചാത്യ സഖ്യത്തിന്റെ മനസുകളെ അലോസരപ്പെടുത്തുന്നു. ഇപ്പോഴുള്ളതിനേക്കാൾ തീരെ മോശമായ സാഹചര്യം അത് സൃഷ്ടിക്കും. അങ്ങനെയൊരു സാഹചര്യത്തിൽ, ആയിരക്കണക്കിന് ആണവ ആയുധങ്ങൾ സ്ഥാപിച്ചിട്ടുള്ള വിശാലമായ റഷ്യൻ പ്രദേശങ്ങളിലെ വിവിധ ഭാഗങ്ങളുടെ അവകാശത്തിനായി വിഘടിച്ചുപോയ സംഘങ്ങൾ പരസ്പരം പോരാടും.

യുക്രൈൻ യുദ്ധത്തിൽ റഷ്യ പെട്ടെന്ന് സാഹചര്യത്തിന് അതീതമായി ഉയർന്ന് വിജേതാവായി പുറത്തു വരികയാണെങ്കിൽ, റഷ്യ ഇപ്പോൾ സൈനിക പരമായി ദുർബലരാണെങ്കിലും അത് അടുത്ത ചുവട് വെയ്പ്പായിരിക്കും. പശ്ചിമേഷ്യയിലെ മറ്റൊരു യുദ്ധത്തിൽ റഷ്യ ഏർപ്പെടാൻ സാധ്യതയില്ല. ഇത് ഗോഗ്മാഗോഗ് യുദ്ധത്തെ ചില വർഷങ്ങൾ താമസിപ്പിക്കാം. മഹോപദ്രവത്തിന്റെ അവസാനം ഒരു ഇസ്ലാമിക അധിനിവേശം ഉണ്ടാകാം. അത് ഹർമ്മഗെദ്ദോൻ യുദ്ധത്തിന്റെ ആദ്യ ഘട്ടമായിരിക്കാം. 'ഇസ്ലാമിക എതിർ ക്രിസ്തു' എന്ന പുസ്തകത്തിൽ ജോയൽ റിച്ചാർഡ്സൺ ഉയർത്തുന്ന വീക്ഷണം ആണിത്. ഈ അധിനിവേശം നയിക്കുന്നത് റഷ്യയല്ല, പകരം തുർക്കിയിൽ നിന്ന് എഴുന്നേറ്റുവരുന്ന ഒരു ഇസ്ലാമിക നേതാവായിരിക്കുമെന്ന് ജോയൽ റിച്ചാർഡ്സൺ കരുതുന്നു.

നാം തീർച്ചയായും താല്പര്യമുണർത്തുന്ന (ദുർഘട) സമയങ്ങളിലാണ് ജീവിക്കുന്നത്. *

## ഒന്നും സാധിക്കുന്നില്ല

സാറ വൈൻ, ഡെയിലി മെയിൽ പത്രത്തിൽ 'പാപ്പരായ ബ്രിട്ടൺ ഒന്നും പ്രവർത്തിക്കാത്ത മൂന്നാം ലോകരാജ്യത്തെപ്പോലെ ആകാൻ തുടങ്ങിയെന്ന തോന്നൽ ഉളവാക്കുന്നു' എന്ന തലക്കെട്ടോടെ ഒരു ലേഖനം എഴുതി. രാജ്യത്തിന്റെ മോശമായ സാഹചര്യത്തെ ആരായുന്ന നിരവധി ദിനപത്ര ലേഖനങ്ങളിൽ ഒന്നാണിത്. അന്തമില്ലാത്ത സമരങ്ങൾ, സർക്കാർ ജോലിക്കാരും പ്രാദേശിക സർക്കാർ ഉദ്യോഗസ്ഥരും ഓഫീസിൽ വരാതെ വീട്ടിൽ നിന്ന് ജോലി ചെയ്യുന്നത് (അല്ലെങ്കിൽ ഒരു വാർത്ത പറയുന്ന പ്രകാരം ബീച്ചിൽ നിന്ന് ജോലി ചെയ്യുക). മോഷണ കേസുകളും കടയിൽ നിന്നുള്ള സാധനങ്ങളുടെ മോഷണവും പൊലീസ് അവഗണിക്കുന്നു. പകരം, സമൂഹ മാധ്യമത്തിൽ കുറ്റകരമെന്ന് തോന്നുന്ന പോസ്റ്റ് എഴുതുന്നവരുടെ പിന്നാലെ അവർ പായുന്നു. ഡസൺ കണക്കിന് ആശുപത്രികൾ ഭിന്നലിംഗ അവകാശ സംഘടനകളുമായി ഉടമ്പടി ചെയ്ത് അവരുടെ അംഗീകാരം നേടുന്നു. അമ്മ, സ്ത്രീ, ആൺകുട്ടികൾ, പെൺ കുട്ടികൾ എന്നീ വാക്കുകൾ ഉപയോഗിക്കുന്നത് നിർത്തണമെന്ന് ഈ സംഘടനകൾ ആശുപത്രികളോട് ആവശ്യപ്പെടുന്നു. ഡോക്ടർമാരും നഴ്സുമാരും മണിക്കൂ

റുകൾ നീളുന്ന 'നാനാത്വ പരീശീലന' ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. അതേ സമയം ആയിരങ്ങൾ ഒരു ഭിഷഗ്വരനെ കാണാനുള്ള അവസരത്തിനു വേണ്ടി മാസങ്ങൾ കാത്തിരിക്കുന്നു.

പശ്ചാത്യലോകത്താകമാനം പരമ്പരാഗത മൂല്യങ്ങളും അധികാര ചട്ടക്കൂടുകളും ഉപേക്ഷിച്ചതുകൊണ്ടാണ് ഈ പ്രശ്നം ഉണ്ടായതെന്ന് ഗേറ്റ്സ്റ്റോൺ ഫൌണ്ടേഷന്റെ ഒരു ലേഖനം ആരോപിക്കുന്നു. നിയമങ്ങളുടെയും ആചാരങ്ങളുടെയും തുടർച്ചയിൽ നിന്നാണ് ഈ അധികാരം പുറപ്പെടുന്നതെന്ന് അവർ അവകാശപ്പെടുന്നു. സാംസ്കാരിക മത പാരമ്പര്യത്തിന്റെ സഞ്ചയം ഇപ്പോഴത്തെ അടിസ്ഥാനങ്ങളായി രൂപാന്തരപ്പെടുന്നു. എന്നാൽ ഒരിക്കൽ പൊതുവായി പങ്കുവയ്ക്കപ്പെട്ട അധികാരവും സംസ്കാരവും അല്ലെങ്കിൽ മതവും ഇപ്പോൾ പാശ്ചാത്യ ലോകത്തിൽ തകർന്നടിഞ്ഞിരിക്കുന്നു.

ആത്യന്തികമായി, വന്ന് നിയന്ത്രണം ഏറ്റെടുക്കാൻ ആളുകൾക്ക് ഒരു അധികാരം ആവശ്യമാണ്. ബൈബിൾ പ്രകാരം, പിശാച് അതിന്റെ പരിഹാരവുമായി വരും — വെളിപ്പാട് 13-ൽ പറഞ്ഞിരിക്കുന്ന മൃഗത്തിന്റെ ലോക വാഴ്ചയാണത്.

യിരെമ്യവ് 25:15-17, 27-28 എന്നീ വേദഭാഗങ്ങളിൽ നാം വായിക്കുന്നു, ***'യിസ്രായേലിന്റെ ദൈവമായ യഹോവ എന്നോടു ഇപ്രകാരം അരുളിച്ചെയ്തു: ഈ ക്രോധ മദ്യം നിറഞ്ഞ പാനപാത്രം എന്റെ കയ്യിൽ നിന്നു വാങ്ങി ഞാൻ നിന്നെ അയക്കുന്ന ജാതികളെ ഒക്കെയും കുടിപ്പിക്ക. അവർ കുടിച്ചു ഞാൻ അവരുടെ ഇടയിൽ അയക്കുന്ന വാൾ നിമിത്തം ചാഞ്ചാടി ഭ്രാന്തന്മാരായിത്തീരും. അങ്ങനെ ഞാൻ പാനപാത്രം യഹോവയുടെ കയ്യിൽ നിന്നു വാങ്ങി, യഹോവ എന്നെ അയച്ച സകല ജാതികളെയും കുടിപ്പിച്ചു..... നീ അവരോടു പറയേണ്ടതു: യിസ്രായേലിന്റെ ദൈവമായ സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: നിങ്ങൾ കുടിച്ചു ലഹരിപിടിച്ചു ഛർദ്ദിച്ചു, ഞാൻ നിങ്ങളുടെ ഇടയിൽ അയക്കുന്ന വാളുകൊണ്ടു ഇനി എഴുന്നേൽക്കാതവണ്ണം വീഴുവിൻ. എന്നാൽ പാനപാത്രം നിന്റെ കയ്യിൽ നിന്നു വാങ്ങികുടിപ്പാൻ അവർക്കു മനസ്സില്ലാഞ്ഞാൽ നീ അവരോടു പറയേണ്ടതു: സൈന്യങ്ങളുടെ യഹോവ ഇപ്രാകരം അരുളിച്ചെയ്യുന്നു.'***

കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള രക്ഷ അവർ നിരസിക്കുന്നത് കൊണ്ട് മദ്യപാനത്തിന്റെ / ഭ്രാന്തിന്റെ ഒരു ആത്മാവ് ദൈവം ലോകത്തിൽ വരാൻ അനുവദിക്കുന്നു. ഈ പ്രവചനം സൂചിപ്പിക്കുന്നത്, അന്ത്യകാലത്ത് ലോകത്തിൽ വാൾ മരണവും നാശവും കൊണ്ടുവരുമ്പോൾ രാജ്യങ്ങൾ 'ഛർദ്ദിച്ചു ഭ്രാന്ത് പിടിക്കുമെന്നാണ്.' ദൈവവചനത്തിന്റെ വെളിച്ചമില്ലാത്ത അല്ലെങ്കിൽ പരിശുദ്ധാത്മാവ് ഇല്ലാത്ത ഒരു ലോകം കൊടിയ ആത്മീയ അന്ധകാരത്തിലായിരിക്കും. ഒടുവിൽ അത് വെളിപ്പാട് 18-ൽ വിവരിച്ചിരിക്കുന്ന ബാബിലോൻ ലോക ക്രമത്തിന്റെ നാശത്തിലേക്ക് നയിക്കും.

***'മഹതിയാം ബാബിലോൻ വീണുപോയി; ദുർഭൂതങ്ങളുടെ പാർപ്പിടവും സകല അശുദ്ധാത്മാക്കളുടെയും തടവും അശുദ്ധിയും അറപ്പുമുള്ള സകല പക്ഷികളുടെയും തടവുമായിത്തീർന്നു. അവളുടെ വേശ്യാവൃത്തിയുടെ ക്രോധ മദ്യം സകല ജാതികളും കുടിച്ചു; ഭൂമിയിലെ രാജാക്കന്മാർ അവളോടു വേശ്യാസംഗം ചെയ്കയും ഭൂമിയിലെ വ്യാപാരികൾ അവളുടെ പുളെപ്പിന്റെ ആധിക്യത്താൽ സമ്പന്നരാകയും***

*ചെയ്തു. വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറയുന്നതായി ഞാൻ കേട്ടതു. എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ. അവളുടെ പാപം ആകാശത്തോളം കുന്നിച്ചിരിക്കുന്നു; അവളുടെ അകൃത്യം ദൈവം ഓർത്തിട്ടുമുണ്ടു.*

വെളിപ്പാടിൽ, ദൈവത്തിനെതിരായുള്ള ലോക ക്രമത്തിന്റെ ചിത്രമാണ് 'ബാബിലോൻ.' ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിങ്കൽ അത് പൂർണ്ണമായും നശിപ്പിക്കപ്പെടും. ഇതിൽ നിന്നെല്ലാം വിടുതലും രക്ഷയും പ്രാപിക്കാൻ ഒരു മാർഗ്ഗമുണ്ട്. മാനസാന്തരപ്പെട്ട് സുവിശേഷത്തിൽ വിശ്വസിക്കുക. കർത്താവായ യേശു ക്രിസ്തുവിന്റെ മടങ്ങിവരവിന് വേണ്ടി കാത്തിരിക്കുക.

**അന്തിമവാക്ക്.**

## അതിനുവേണ്ടി നമുക്കെന്ത് ചെയ്യാൻ കഴിയും?

ഈ മാസികയിൽ നിങ്ങൾ മറ്റൊന്നും വായിച്ചില്ലെങ്കിലും, ദയവായി ഇത് വായിക്കുക.

ഈ മാസികയിൽ വിവരിച്ചിരിക്കുന്ന ലോകത്തിലെ എല്ലാ പ്രശ്നങ്ങളും സംഭവിക്കാൻ കാരണം ദൈവം നമുക്ക് തരുന്ന തന്റെ വചനത്തെയും കല്പനകളെയും രക്ഷയെയും ലോകം തിരസ്കരിച്ചത്കൊണ്ടാണ്. ദുഃഖകരം എന്നു പറയട്ടെ, നാശത്തിലേക്കുള്ള ലോകത്തിന്റെ ഈ ഭ്രാന്തൻ ഓട്ടത്തെ നമുക്ക് തടയാനാകില്ല. എന്നാൽ, പാപത്തെക്കുറിച്ച് അനുതപിക്കുന്നതിലൂടെയും സുവിശേഷത്തിൽ വിശ്വസിക്കുന്നതിലൂടെയും നമുക്ക് നമ്മെത്തന്നെ ആ നാശത്തിൽ നിന്ന് രക്ഷിക്കാൻ കഴിയും. നാം യേശു മശിഹായെ നമ്മുടെ രക്ഷകനും കർത്താവുമായി സ്വീകരിക്കുമ്പോൾ ആശ്ചര്യപ്പെടുത്തുന്ന ഒരു കൈമാറ്റം സംഭവിക്കുന്നു. അപ്പോൾ, നമ്മുടെ പാപത്തിന് പകരം ദൈവത്തിന്റെ നീതി നാം സ്വീകരിക്കുന്നു. അതിന്റെ ഫലമായി, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ സ്നേഹവും ശക്തിയും നാം അറിയുകയും അവിടുത്തെ നിത്യ രാജ്യത്തിലെ മഹത്വകരമായ ഭാവിക്കായി നാം നോക്കിപാർക്കുകയും ചെയ്യുന്നു.

പൗലൊസ് 2 കൊരിന്ത്യർ 5:17-21 വരെ എഴുതി:

*"ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും"* (വെളിപ്പാട് 3:20).

## രക്ഷയ്ക്ക് നാല് ഘട്ടങ്ങൾ ഉണ്ട്

- **ഘട്ടം 1** — ദൈവം നിങ്ങളെ സ്നേഹിക്കുന്നുവെന്നും നിങ്ങൾക്ക് വേണ്ടി അവിടുത്തേക്ക് ഒരു പദ്ധതിയുണ്ടെന്നും അറിയുക...
- **ഘട്ടം 2** — മനുഷ്യർ പാപികളാണെന്നും ദൈവത്തിൽ നിന്ന് വേർപെട്ടെന്നും തിരിച്ചറിയുക...
- **ഘട്ടം 3** - നിങ്ങളുടെ പാപങ്ങൾക്ക് വേണ്ടി ദൈവം തന്റെ പുത്രനെ അയച്ചെനു വിശ്വസിക്കുക...
- **ഘട്ടം 4** - യേശുവിനെ നിങ്ങളുടെ രക്ഷകനും കർത്താവുമായി സ്വീകരിക്കുന്നതിലൂടെ ദൈവത്തിന്റെ ക്ഷമ സ്വീകരിക്കുക.

*"അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവ മക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു"* (യോഹ. 1: 12).*

# ഉപസംഹാരം



ഞങ്ങൾ ഈ മാസികയിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും യേശു മശിഹായേക്കുറിച്ചുള്ള ബൈബിൾ പ്രവചനങ്ങളുടെ നിവർത്തിയാണ്.

നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവിന്റെ വരവ് ആസന്നമായിരിക്കയാൽ നമ്മുടെ പാപങ്ങളെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് യേശുവിനെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുവാനുള്ള തക്ക സമയം ഇപ്പോഴാണ്. അപ്രകാരം നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ താഴെക്കൊടുത്തിരിക്കുന്ന പ്രാർത്ഥന ഏറ്റുചൊല്ലുക:

"പ്രിയ സ്വർഗ്ഗീയ പിതാവേ, ഞാനൊരു പാപിയാണ് എന്നും എനിക്ക് അങ്ങയുടെ പാപ ക്ഷമ ആവശ്യമാണെന്നും ഞാൻ സമ്മതിക്കുന്നു. എനിക്കുവേണ്ടി യേശുമശിഹാ മരിച്ചുവെന്നും എന്റെ പാപമോചനത്തിനായി രക്തം ചിന്തിയെന്നും, ഞാൻ വിശ്വസിക്കുന്നു. അതിനാൽ ഞാനിപ്പോൾ എന്റെ പാപവഴികളെ ഉപേക്ഷിച്ച്, യേശുമശിഹായെ എന്റെ സ്വന്തരക്ഷിതാവും ദൈവവുമായി അംഗീകരിക്കുന്നു. എന്റെ ജീവിതത്തിലേക്കു അങ്ങയുടെ പരിശുദ്ധാത്മാവിനെ അയയ്ക്കണമെന്നും ഞാനപേക്ഷിക്കുന്നു. അവിടുന്ന് ആഗ്രഹിക്കുന്ന വിധത്തിലുള്ള ഒരു വ്യക്തിയായി ജീവിപ്പാൻ എന്നെ സഹായിക്കേണമേ.

പിതാവേ എന്നെ സ്നേഹിക്കുന്നതിനായി നന്ദി പറയുന്നു.

യേശുവിന്റെ നാമത്തിൽ, ആമേൻ."


കൂടുതൽ വിവരങ്ങൾക്ക് എഴുതുക:

**പ്രത്യാശാദീപം**

**മേഴ്സിഹോം**

**ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല – 690 507**

**ഫോൺ: 0479–2412459 / 2412359 / 2414459 / 9207976381**

E-mail : hopemsn@hopemsn.org


ഈ പ്രസിദ്ധീകരണത്തിനു വരിസംഖ്യ നിശ്ചയിച്ചിട്ടില്ല. സ്വമേധാ ദാനങ്ങൾ സ്വീകരിക്കുന്നതാണ്.


സ്വകാര്യ വിതരണത്തിന് മാത്രം.